മി. സ്പീക്കർ: ഓർഡർ...... ഓർഡർ.... ചോദ്യം നമ്പർ *91.

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

*91. ശ്രീ. അനിൽ അക്കര:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഐ.സി. ബാലകൃഷ്ണൻ:
ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ ഈ പദ്ധതിക്കുവേണ്ടി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ,

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 14 ജില്ലകളിലായി 58398 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിരുന്നു. എന്നാൽ അനുവദിച്ച ഭൂമി ചട്ടപ്രകാരം ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിഞ്ഞിരുന്നില്ല. കൈമാറിക്കഴിഞ്ഞ

പ്ലോട്ടുകളെ സംബന്ധിച്ച് വീട് വയ്ക്കാൻ അനുയോജ്യമല്ലെന്നും വഴിസൗകര്യം ലഭ്യമല്ലെന്നും തരത്തിലുള്ള ആക്ഷേപങ്ങൾ വ്യാപകമായി ഉണ്ടാകുകയും ചെയ്തിരുന്നു. അതിനാൽ ആക്ഷേപങ്ങളിൽ അന്വേഷണം നടത്തി തികച്ചും അനുയോജ്യമല്ലാത്ത ഭൂമികൾ വിതരണം ചെയ്ത കേസ്സുകളിൽ അവ മാറ്റി നൽകാനുള്ള നടപടികൾ സ്വീകരിക്കാനാണ് ശ്രമിച്ചുവരുന്നത്. കൂടാതെ വിതരണം ചെയ്യാൻ അവശേഷിക്കുന്ന പ്ലോട്ടുകൾ ചട്ടപ്രകാരം കൈമാറുന്ന നടപടികളും നടന്നുവരുന്നു.

(ബി) പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചുകൊണ്ട് സംസ്ഥാന തലത്തിൽ ഒരു സ്പെഷ്യൽ സെല്ലും ഡെപ്യൂട്ടി കളക്ടർ (എൽ.ആർ)-ന്റെ നേതൃത്വത്തിലുള്ള ജില്ലാതല സ്പെഷ്യൽ സെല്ലുകൾക്കും കഴിഞ്ഞ സർക്കാർ രൂപം നൽകിയിരുന്നു. കൂടാതെ പദ്ധതി പ്രവർത്തനങ്ങൾക്ക് ഫണ്ടും ബഡ്ജറ്റിൽ വക കൊള്ളിക്കുകയും ചെയ്തിരുന്നു. സർക്കാർ ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്ത് ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് വേണ്ടിയുള്ള ധനശേഖരണാർത്ഥം ഭൂമിഗീതം എന്ന പേരിൽ പ്രത്യേക സ്റ്റേജ് പ്രോഗ്രാം എറണാകുളം, തൃശ്ശൂർ ജില്ലകളിൽ നടത്തുകയും 3.41 കോടി രൂപ സമാഹരിക്കുകയും ചെയ്തു.

(സി) പ്രസിദ്ധീകരിച്ചിട്ടുള്ള ലിസ്റ്റ് പ്രകാരം ഉദ്ദേശം 1.75 ലക്ഷം ഭൂരഹിത

കുടുംബങ്ങൾക്ക് ഭൂമി നൽകേണ്ടതായിട്ടുണ്ട്. വീട് വയ്ക്കാൻ അനുയോജ്യമായ സർക്കാർ ഭൂമിയുടെ കണക്കെടുപ്പ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും അവശേഷിക്കുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും നൽകാൻ ആവശ്യമായ ഭൂമി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കാനും കഴിയാത്ത സാഹചര്യത്തിൽ മറ്റ് പോംവഴികൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. അനിൽ അക്കര: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചതും ഏറെ മാതൃകാപരവുമായ ഈ പദ്ധതി വീണ്ടും തുടരാൻ തീരുമാനിച്ചതിൽ ഗവൺമെന്റിന് നന്ദി രേഖപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഏറ്റെടുത്ത് വിതരണം ചെയ്ത ഭൂമിയിൽ വാസയോഗ്യമല്ലാത്ത പല പ്രദേശങ്ങളുമുണ്ട്. എന്റെ മണ്ഡലത്തിൽ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ അഞ്ഞൂർ വില്ലേജിൽ 200-ഓളം ആളുകൾക്ക് ഇത്തരത്തിൽ ഭൂമി കൊടുത്തിട്ടുണ്ട്. എന്നാൽ ഇപ്പോൾ ആ ഭൂമിയിലേയ്ക്ക് യാത്ര ചെയ്യാനുള്ള സൗകര്യങ്ങളില്ല. മാത്രമല്ല, കുത്തനെ ചരിഞ്ഞ ഭൂമിയാണ് കൊടുത്തിട്ടുള്ളതും. അവിടെ കുടിവെള്ള സൗകര്യമൊരുക്കാനും റോഡ് നിർമ്മിക്കാനും പ്രത്യേക പദ്ധതികളുണ്ട്. കുത്തനെ ചരിഞ്ഞ ഭൂമി ഡെവലപ് ചെയ്താൽ ഭൂമിയുടെ അളവിൽ കുറവുവരും. അതുകൊണ്ട് ആ ഭൂമി തട്ടുകളായി തിരിച്ച്

ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിലോ സർക്കാരിന്റെ മറ്റേതെങ്കിലും പദ്ധതിയിലോ ഉൾപ്പെടുത്തി ഫ്ലാറ്റ് നിർമ്മിച്ച് നൽകാൻ സാധിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് നേരത്തെ നിശ്ചയിച്ച പ്രകാരം മൂന്ന് സെന്റ് ഭൂമി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അതിന് സാദ്ധ്യതയില്ലാത്ത സ്ഥലങ്ങൾ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ലൈഫ് പദ്ധതിയുമായി ബന്ധപ്പെടുത്തി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. ഇപ്പോൾ അതുമായി ബന്ധപ്പെട്ട് സർവ്വെ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

<u>ശ്രീ. അനിൽ അക്കര</u>: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ധാരാളം സ്വകാര്യ വ്യക്തികൾ പല പദ്ധതികൾക്കായി സർക്കാരിന് ഭൂമി കൈമാറിയിട്ടുണ്ട്. ഞാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആയിരിക്കുന്ന സമയത്ത് അടാട്ട് ഗ്രാമപഞ്ചായത്തിൽ 10 ഏക്കർ ഭൂമിയും തിരുവില്വാമല വില്ലേജിൽ ഏതാണ്ട് 30-ഓളം ഏക്കർ ഭൂമിയും സർക്കാരിന് കൈമാറിയിട്ടുണ്ട്. അന്ന് ഗുണഭോക്താക്കളെ കണ്ടെത്തി പ്ലോട്ട് ഐഡന്റിഫൈ ചെയ്തെങ്കിലും ഇതുവരെ ആ ഭൂമി കൊടുത്തിട്ടില്ല. അമല ആശുപത്രിക്ക് ഭൂമി കൈമാറുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് ഇറക്കിയ ഉത്തരവാണ്. ഇപ്പോൾ അടാട്ട് പഞ്ചായത്തിലെ ആളുകൾക്ക് ഭൂമി

ലഭിക്കുകയും അവർ പ്ലോട്ട് തിരിച്ച് പഞ്ചായത്ത് ധനസഹായത്താൽ വീട് വയ്ക്കാൻ തയ്യാറായിരിക്കുകയുമാണ്. പ്ലോട്ട് ഐഡന്റിഫൈ ചെയ്ത ആളുകൾക്ക് ഇതുവരെ ഭൂമി കൊടുത്തിട്ടില്ല; എന്നത്തേയ്ക്ക് ആ ഭൂമി കൊടുക്കാൻ കഴിയും?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇതുസംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. റോജി എം. ജോൺ: സർ, മുൻ വഷങ്ങളിൽ സംസ്ഥാനത്ത് കയ്യേറ്റ ഭൂമിയും എക്സസ് ഭൂമിയും ഏറ്റെടുക്കുന്നതിനുവേണ്ടി വലിയ പ്രക്ഷോഭങ്ങളും രാപ്പകൽ സമരങ്ങളും സംഘടിപ്പിക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എവിടെയൊക്കെ, എത്രത്തോളം കയ്യേറ്റഭൂമി ഇത്തരത്തിൽ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതിയുടെ ഭാഗമായി എത്ര കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഭൂരഹിതരായവർക്ക് മൂന്ന് സെന്റ് ഭൂമി അനുവദിക്കുന്ന പദ്ധതിപ്രകാരം ഭരണമാറ്റത്തിനുശേഷം കുറഞ്ഞത് 5000-ൽപ്പരം ആളുകൾക്ക് ഭൂമി അനുവദിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനാവശ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള

നടപടികൾ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മൂന്ന് യോഗങ്ങൾ കൂട്ടുകയും ബന്ധപ്പെട്ട കളക്ടർമാരുമായി ഇക്കാര്യങ്ങൾ ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിവിധ ജില്ലകളിൽ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടിയും അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടിയും ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, ഒരുതുണ്ട് ഭൂമിയില്ലാത്തവരുടെ ദു:ഖം വളരെ വലുതാണ്. കേരളത്തെപ്പോലെ ജനസാന്ദ്രതയുള്ള സംസ്ഥാനത്ത് ഏറ്റവും മുൻഗണന കൊടുത്ത് കൈകാര്യം ചെയ്യപ്പെടേണ്ട വിഷയമാണിത്. 58398 പേർക്ക് ഭൂമി അനുവദിച്ചതായിട്ടാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്നത്. 175000 പേർക്കുകൂടി ഭൂമി കൊടുക്കേണ്ടതുമുണ്ട്. ഈ പദ്ധതിപ്രകാരം ഇതുവരെ ലഭ്യമായ ഭൂമി എത്ര പേർക്ക് കൊടുക്കാൻ കഴിയും; പിന്നീട് എത്രപേർക്ക് വേണ്ട ഭൂമി കണ്ടെത്തേണ്ടിവരുമെന്ന കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; ധാരാളം ഭൂമി ഇന്നും സ്വകാര്യ വ്യക്തികളുടെ കയ്യിലുണ്ട്. ലീസ് കാലാവധി കഴിഞ്ഞതും തെറ്റായി കൈവശം വച്ചിരിക്കുന്നതും അതിൽ ഉൾപ്പെടും. ഭൂമിയില്ലെന്ന വിഷയം കേരളത്തിൽ ഉണ്ടാകില്ല. പലരുടെ പക്കലുള്ള ഭൂമി കണ്ടെത്തി കൈമാറ്റം ചെയ്യപ്പെടുകയെന്നത് നിസ്സാരമായ കാര്യമല്ലെന്നറിയാം. അത് ഗൗരവമായി കൈകാര്യം ചെയ്യുന്നതിനുള്ള

സംവിധാനമുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ശ്രീ. വി.ഡി. സതീശൻ ഉന്നയിച്ച ചോദ്യത്തിലെ പ്രധാന വിഷയം, ഭൂമി കണ്ടെത്താനുള്ള ശ്രമം നടത്തിയിട്ടുണ്ടോ; ഭൂമി കണ്ടെത്തിയിട്ടുണ്ടോ എന്നുള്ളതാണ്. ലഭ്യമായ കണക്ക് അനുസരിച്ച് 286.91 ഹെക്ടർ ഭൂമി 3 സെന്റ് ഭൂമി വീതം വിതരണം ചെയ്താൽ 20000 പേർക്കെങ്കിലും ലഭിക്കുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ സംസ്ഥാനത്ത് ഒട്ടേറെ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടോ അല്ലെങ്കിൽ ഇത്തരം ആവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ടതായിട്ടോ എന്ന് കണ്ടെത്താൻ കഴിയുമെന്ന് തന്നെയാണ് ഗവൺമെന്റിന്റെയും അഭിപ്രായം. എന്നാൽ അതിന് ചില കാര്യങ്ങളിൽ നിയമപരമായ നടപടി സ്വീകരിക്കേണ്ടതും അനധികൃതമായി കൈവശം വച്ചിരിക്കുന്ന ആളുകളിൽ നിന്നും ഭൂമി ഒഴിപ്പിച്ചെടുക്കേണ്ട സാഹചര്യവുമുണ്ട്. അത്തരത്തിൽ അവശേഷിക്കുന്ന ഭൂമിയുടെ കണക്ക് നോക്കിയാൽ ആയിരക്കണക്കിന് ഏക്കർ ഭൂമി കണ്ടെത്താൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ആ ഭൂമി കണ്ടെത്തുന്ന മുറയ്ക്ക് 1.75 ലക്ഷം വരുന്ന ഭൂരഹിതരായ ആളുകൾക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് തന്നെയാണ് വിശ്വസിക്കുന്നത്.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, വീടും ഭൂമിയും ഇല്ലാത്ത ആളുകൾക്ക് അഞ്ച് സെന്റ് ഭൂമിവരെ വയൽ നികത്തി വീട് വയ്ക്കാമെന്ന തീരുമാനമെടുത്തിരുന്നു. അത് ധാരാളം ആളുകൾക്ക് ഗുണകരവുമായിരുന്നു. എന്നാൽ ആരാണ് അത് തീരുമാനിച്ചുകൊടുക്കേണ്ടതെന്ന കാര്യത്തിൽ ഒരവ്യക്തതയുണ്ട്. അതുസംബന്ധിച്ച് എന്തെങ്കിലും വ്യക്തമായ ഉത്തരവിറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിറക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യം കഴിഞ്ഞ സഭയിലും ഉയർന്നുവന്നതാണ്. അതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിധിയിൽപ്പെടുന്ന കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് സഹായകരമാകുന്ന വിധത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. റവന്യൂ വകുപ്പും അതുമായി ബന്ധപ്പെട്ട ഒരു സർക്കുലർ കഴിഞ്ഞ സമ്മേളനത്തിനുശേഷം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ രണ്ട് സർക്കുലറും നിലവിലിരിക്കുമ്പോഴും ഇതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയോ റവന്യൂ അധികാരികളെയോ സമീപിച്ചാൽ ചില സംശയങ്ങൾ പ്രകടിപ്പിക്കുന്നതായും വേണ്ടത്ര രീതിയിൽ ആളുകൾക്ക് ഫലപ്രദമാകുന്നില്ലെന്ന ആക്ഷേപവും ബഹുമാനപ്പെട്ട അംഗങ്ങളിൽ നിന്നുൾപ്പെടെ ഉയർന്നുവന്നിട്ടുണ്ട്.

തീർച്ചയായും അതിലെ അവ്യക്തത മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സ്വന്തം ഭൂമിയിൽ അന്യരായി ജീവിക്കുന്ന കുറച്ചധികം ആളുകളുണ്ട്. അവർ 1960-കളുടെ അവസാനം മുതൽ താമസിക്കുന്നവരാണ്. എന്നാൽ അവർക്ക് പട്ടയം കൊടുക്കണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും ഇതുവരെയും പട്ടയം ലഭിച്ചിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിലെ ചിങ്ങവനത്ത്, അത്തരത്തിൽ താമസമായതിനുശേഷം ആ പ്രദേശത്ത് ഒരു കനാൽ വെട്ടുകയുണ്ടായി. ആ കനാൽ പുറമ്പോക്കിലാണെന്ന കാര്യത്താൽ, മുനിസിപ്പാലിറ്റി എൻ.ഒ.സി. നൽകിയിട്ടും അവർക്ക് ആ ഭൂമി കൊടുക്കുന്നില്ല. എന്നാൽ പുത്തൻതോടിന്റെയും കനാലിന്റെയും പുറമ്പോക്കിൽ താമസിക്കുന്ന ആളുകൾക്ക് പട്ടയം കൊടുക്കുന്നതിന് പഴയ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഈ discrimination പരിശോധിച്ച് പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ ചന്ദ്രശേഖരൻ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ച വിഷയം നഗരപ്രദേശങ്ങളിലെ അംഗങ്ങൾ നേരത്തേ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. പല പ്രദേശങ്ങളിലും ഇത്തരം ആളുകൾ

താമസിച്ചുവരുന്ന ഭൂമി പതിച്ചുകൊടുക്കുന്നതിന് നിയമപരമായ തടസ്സം നിലനിൽക്കുന്ന സാഹചര്യത്തിലാണ് കാലതാമസം ഉണ്ടാകുന്നത്. സുപ്രീംകോടതി വിധിയനുസരിച്ച് ഇത്തരം സ്ഥലങ്ങളിൽ മറ്റൊരു മാർഗ്ഗവുമില്ലെങ്കിൽ അപൂർവ്വമായി ചില നടപടികൾ സ്വീകരിക്കാമെന്നതൊഴിച്ചാൽ വ്യാപകമായി ഇങ്ങനെ പതിച്ചുകൊടുക്കുന്നതിന് നിയമപരമായ തടസ്സമുണ്ട്. വളരെ പാവപ്പെട്ട ആളുകളാണ് ഇത്തരം പ്രദേശങ്ങളിൽ താമസിക്കുന്നത് എന്ന കാര്യത്തിൽ സംശയമില്ല. ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനമെടുക്കാൻ കഴിയുമോയെന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പതിച്ചു നൽകിയ ഭൂമിയിൽ പലതും താമസയോഗ്യമായിരുന്നില്ല എന്നാണ് ഇവിടെ നേരത്തേ ബഹുമാനപ്പെട്ട മെമ്പർ അനിൽ അക്കര സൂചിപ്പിച്ചത്. ഭൂമി ഒരുമിച്ച് പതിച്ചുനൽകുമ്പോൾ യാത്രാസൗകര്യം കൂടി ഉറപ്പുവരുത്തിക്കൊണ്ടുള്ള സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിതരണം ചെയ്ത ഭൂമിയിൽ പലതും വാസയോഗ്യമല്ലാത്തതും യാത്രാസൗകര്യങ്ങളില്ലാത്തതും, വെള്ളവും വെളിച്ചവുമില്ലാത്തതും ആണെന്നത് സംബന്ധിച്ച് ഒട്ടേറെ പരാതികൾ

ഉയർന്നുവന്നിട്ടുണ്ട്. അത്തരം അസൗകര്യങ്ങൾ മാറ്റി വഴിയും വെള്ളവും വെളിച്ചവുമുള്ള വാസയോഗ്യമായ ഭൂമി കണ്ടെത്താനുള്ള ശ്രമമാണ് സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാവുക. അത് പൂർണ്ണമായ രീതിയിൽ ഒറ്റയടിക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് പറയാൻ കഴിയാത്തത്, അതിനാവശ്യമായ ഭൂമി സർക്കാരിന്റെ പക്കൽ എത്തിച്ചേരാത്ത സാഹചര്യത്തിലാണ്. വാസയോഗ്യമായതും വഴിയും വെള്ളവും വെളിച്ചവുമുള്ളതുമായ പ്രദേശങ്ങൾ നൽകാനുള്ള നടപടിയാണ് സർക്കാർ സ്വീകരിക്കാൻ പോകുന്നത്.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാന്യനായ മന്ത്രി ഇന്ന് ഉത്തരം നൽകിയപ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 58398 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചുനൽകി എന്നു പറയുകയുണ്ടായി. കഴിഞ്ഞ സമ്മേളനത്തിൽ എന്റെ ചോദ്യത്തിന് 36000-ലധികം ആളുകൾക്കേ കൊടുക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നാണ് മറുപടി തന്നത്. മന്ത്രി എന്ന നിലയിൽ ടി ഭൂമി നേരിട്ട് പോയി പരിശോധന നടത്തി പതിച്ചുകൊടുക്കുകയെന്നത് പ്രായോഗികമല്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ നിർദ്ദേശിക്കുന്നതിനനുസിച്ചാണ് ഭൂമി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചത്. ബഹുമാന്യനായ മന്ത്രി ബാക്കിയുള്ള ആളുകൾക്കുകൂടി ഭൂമി കൊടുക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമെന്ന് സൂചിപ്പിക്കുകയുണ്ടായി.

അത് നല്ല കാര്യമാണ്. അങ്ങ് പറയുന്ന, അല്ലെങ്കിൽ അങ്ങയുടെ ഉദ്യോഗസ്ഥൻമാർ ചൂണ്ടിക്കാണിക്കുന്ന സ്ഥലങ്ങൾ ഇപ്പോൾ കൊടുക്കാൻ തീരുമാനം എടുക്കുമ്പോൾ, ബഹുമാനപ്പെട്ട മന്ത്രി അവിടെ പോയി സ്ഥലപരിശോധന നടത്തി വാസയോഗ്യമാണോ, യാത്രാസൗകര്യമുള്ളതാണോയെന്ന് കണ്ടെത്തി ഭൂമി വിതരണം ചെയ്യാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എന്തായാലും അങ്ങയുടെ മറുപടിയിൽ തന്നെ പറഞ്ഞിട്ടുള്ളത് വീട് വയ്ക്കാനുള്ള ഭൂമി കൊടുത്തുവെങ്കിലും അവിടേയ്ക്ക് പോകാനുള്ള വഴിയോ മറ്റ് സൗകര്യങ്ങളോ ഇല്ല എന്നാണ്. പരിശോധന നടത്തി കണ്ടെത്തിയ ഭൂമി കൊടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ എന്നതാണ് എന്റെ ചോദ്യം?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട മുൻ റവന്യൂ വകുപ്പുമന്ത്രി ഈ ചോദ്യം ചോദിച്ചത് എന്തായാലും നന്നായി. കഴിഞ്ഞ സഭാ സമ്മേളനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഞാൻ ആവർത്തിക്കുകയാണ്. എന്നാൽ കഴിഞ്ഞ സഭാ സമ്മേളനത്തിനുശേഷം, പുതുതായി കണ്ടെത്തിയ ഭൂമികൂടി ഉൾപ്പെടുത്തി, അനുവദിച്ചവരുടെ എണ്ണവുംകൂടി ചേർത്ത് ആകെ കിട്ടിയവരുടെ എണ്ണത്തിൽ അല്പം വർദ്ധനവുണ്ടായിട്ടുണ്ട്. ആ കണക്കുകൾ ആവർത്തിക്കാനായിരിക്കും തീർച്ചയായും അദ്ദേഹം ഈ ചോദ്യം ചോദിച്ചത്. പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി

58398 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചിരുന്നു. കാസർഗോഡ്, കണ്ണൂർ, ഇടുക്കി ജില്ലകളിലുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും പദ്ധതിയുടെ ആനുകൂല്യം അനുവദിച്ചു. എന്നാൽ ഭൂമി കിട്ടിയില്ല. .......(ബഹളം) .... അതിന്റെ കാര്യം ഞാൻ പറയാം. നാളിതുവരെ ജില്ലാതലത്തിൽ വിതരണം ചെയ്ത പട്ടയങ്ങളുടെയും ഭൂമിയുടെയും എണ്ണം ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് സഹിതം ജില്ല തിരിച്ച് പറയാം. അപ്പോൾ കൃത്യമായ കണക്കുകിട്ടും. ഓരോ ജില്ലയിലും കൊടുത്തതിന്റെ കണക്കുണ്ട്. അനുവദിച്ച പട്ടയങ്ങളുടെ എണ്ണം- 58398, അന്ന് വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം ഏകദേശം 39000- ത്തിൽ താഴെയാണ്. അതിനുശേഷം കൊടുത്തത് ഉൾപ്പെടെ 45654 ആയി വർദ്ധിച്ചിട്ടുണ്ട്. ഇത്രയും പട്ടയം കൊടുത്തതിനുശേഷം ഭൂമി കൈമാറിയത് 30650 ആളുകൾക്കാണ്. അതിനുശേഷം പട്ടയം വിതരണം ചെയ്ത ഭൂമി കൈമാറാൻ കഴിയാത്ത കേസുകളുടെ എണ്ണം നോക്കിയപ്പോൾ അത് 14903 ആണ്.(ബഹളം........) ഇത് കണക്കുവെച്ച് പറയുന്നതാണ്. അന്ന് ഭൂമി......(ബഹളം........) ഇത് കണക്കുവച്ച് പറയുന്നതാണ്.

<u>മി.സ്പീക്കർ</u>: പ്ലീസ്, പ്ലീസ്.....ശ്രീ. അടൂർ പ്രകാശ്, അങ്ങിരിക്കൂ..... അങ്ങ് ചോദിച്ചത് അതല്ലല്ലോ; എത്രപേർക്ക് ഭൂമി കൊടുത്തു എന്നല്ലേ; അർഹതപ്പെട്ടവർക്കെല്ലാം ഭൂമി കൊടുക്കാൻ നടപടി സ്വീകരിക്കുമോ എന്നല്ലേ

ചോദിച്ചത്? അതിനുള്ള മറുപടിയല്ലേ പറയുന്നത്... ഇരിക്കൂ.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ചെങ്ങറക്കാർ ഇപ്പോഴും സെക്രട്ടേറിയറ്റിനു മുൻപിൽ സമരത്തിലാണ്. അവർക്ക് ഭൂമി മുഴുവൻ കൊടുത്തെങ്കിൽ സെക്രട്ടേറിയറ്റിന് മുൻപിൽ കിടക്കേണ്ട ആവശ്യമില്ലല്ലോ?

മി.സ്പീക്കർ: റെക്കോർഡിലില്ലാതെ, ഉച്ചഭാഷിണിയില്ലാതെ പറയുന്ന ചോദ്യങ്ങൾക്ക് മറുപടി പറയേണ്ട.

ശ്രീ. ഇ. ചന്ദ്രശേഖരൻ: മുൻ റവന്യൂ വകുപ്പുമന്ത്രിയാണ് ചോദിച്ചത് എന്നതുകൊണ്ടാണ് ഞാൻ മറുപടി പറയുന്നത്. 58000 പേർക്ക് അനുവദിച്ചെങ്കിലും കൊടുക്കാൻ കഴിഞ്ഞത് 45684 എണ്ണമാണ്. അതിൽ 30000 പേർക്ക് മാത്രമാണ് കൈമാറ്റം ചെയ്തത്. പക്ഷേ അതിൽ ആളുകൾക്ക് വന്ന് താമസിക്കാൻ കഴിയാത്തവയാണ് മഹാ ഭൂരിപക്ഷം സ്ഥലങ്ങളും എന്നുള്ളതുകൊണ്ട് അതിന്റെ വിശദമായ കണക്കുകൾ ഞാൻ ഇവിടെ സൂചിപ്പിച്ചു എന്നേയുള്ളൂ. സമരം നടത്തുന്നതിൽ ഭൂമി കിട്ടാത്തവരുൾപ്പെടെയുള്ളവരുടെ കാര്യത്തിൽ, 3 സെന്റിന്റെ പട്ടയം കിട്ടിയിട്ട് ഇപ്പോഴും ഭൂമി കൈമാറ്റം ചെയ്തുകിട്ടാത്ത ഒരുപാടുപേരുണ്ട്. അവർക്ക് ഭൂമി കണ്ടെത്തിക്കൊടുക്കാനുള്ള ശ്രമത്തിലാണ് ഈ ഗവൺമെന്റ്. തീർച്ചയായും അതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

ശ്രീ. ജെയിംസ് മാത്യു: 58000 പേർക്ക് ഭൂമി അനുവദിച്ചു, 39000 പേർക്ക് പട്ടയം കൊടുത്തു, 30000 പേർക്ക് ഭൂമി കാണിച്ചുകൊടുത്തു. എന്നാൽ ഇവിടത്തെ സ്ഥിതി പരമ ദയനീയമാണ്. ഒരു തുള്ളി വെള്ളം പോയിട്ട്, അവിടേയ്ക്ക് കയറാൻ പോലും സാധിക്കില്ല. ബഹുമാന്യനായ ഇ.കെ. വിജയൻ,എം.എൽ.എ യുടെ ചോദ്യത്തിന് മറുപടിയായി അങ്ങ് പറഞ്ഞതിനെ ഞാൻ പൂർണ്ണമായി സ്വാഗതം ചെയ്യുകയാണ്. അതിനുള്ള ഒരു മെക്കാനിസവും കൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന. ഇതുസംബന്ധിച്ച് കളക്ടറോട് ഞങ്ങളാരെങ്കിലും ചോദിച്ചാൽ ഇല്ല എന്ന ഉത്തരമാണ് ലഭിക്കുക. അതിനാൽ വാസയോഗ്യമല്ലാത്ത ഭൂമി കൈമാറ്റം ചെയ്ത് കിട്ടിയതുകൊണ്ട് ഗതികേടനുഭവിക്കുന്ന ആളുകളുടെ പ്രശ്നപരിഹാരത്തിന് സഹായകരമാകുന്ന ഉത്തരവ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ഭൂമി പരിശോധിക്കാനോ പരിശോധിച്ച് വാസയോഗ്യമാണോയെന്ന് ഉറപ്പുവരുത്താനോ ഉള്ള സംവിധാനം ഉണ്ടാകണം. മന്ത്രിക്ക് നേരിട്ട് പോയി പരിശോധിക്കാൻ നിവൃത്തിയില്ലെന്ന് മുൻ റവന്യൂ വകുപ്പുമന്ത്രി പറയുകയുണ്ടായി. അതുകൊണ്ട് ഭാവിയിൽ കൈമാറ്റം ചെയ്യുന്ന ഭൂമി മന്ത്രിക്ക് നേരിട്ട് പോയി പരിശോധിക്കാൻ സാധിക്കില്ലെങ്കിലും വാസയോഗ്യമായ ഭൂമിയാണോ എന്ന് പരിശോധിക്കാനുള്ള സംവിധാനം ഉറപ്പ്

വരുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഞാൻ നേരത്തേ ഇവിടെ സൂചിപ്പിച്ചത് 286.91 ഹെക്ടർ ഭൂമി ഇത്തരത്തിലുള്ളത് കണ്ടെത്തിയിട്ടുണ്ട് എന്നാണ്. അതിൽ വാസയോഗ്യമല്ലാത്ത ഭൂമിയുണ്ടെങ്കിൽ തീർച്ചയായും അത് പരിശോധനാവിധേയമാക്കും. ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജനപ്രതിനിധികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉൾപ്പെടെ അത്തരം സ്ഥലങ്ങൾ പ്രത്യേകം പരിശോധിച്ചാൽ വാസയോഗ്യമായ ഭൂമിതന്നെ കണ്ടെത്താൻ കഴിയും. ഇതിന് പരമാവധി ശ്രമിക്കാം. നേരത്തേ വിതരണം ചെയ്ത ഭൂമിയുടെ കൂട്ടത്തിൽ വാസയോഗ്യമല്ലാത്തതും, വഴിയില്ലാത്തതുമായതിന്റെ പേരിൽ താമസിക്കാൻ കഴിയുന്നില്ല തുടങ്ങിയ ആക്ഷേപങ്ങൾ സംബന്ധിച്ചുള്ള പരാതികൾ ബന്ധപ്പെട്ട ജില്ലാ കലക്ടർമാർക്കാണ് ലഭിച്ചിട്ടുള്ളത്. അതുകൊണ്ടു തന്നെ അങ്ങനെയുള്ള ഭൂമി വിതരണം ചെയ്യുമ്പോൾ ഇത്തരം പോരായ്മകൾ ആവർത്തിക്കപ്പെടാതിരിക്കണമെന്ന് പൊതുവായി നിർദ്ദേശം നൽകാനും ആ കുറവ് പരിഹരിക്കാനുമുള്ള നടപടികൾ ഉണ്ടാകും.

<u>ശ്രീ. സി. മമ്മൂട്ടി:</u> സർ, ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽപ്പെടുത്തി ഭൂമി കൊടുക്കുമ്പോൾ സ്വാഭാവികമായും ഈ പറയുന്ന പ്രശ്നങ്ങൾ

ആവർത്തിച്ചുകൊണ്ടേയിരിക്കും. കാരണം ഭൂമി പരിമിതമാണ്, ആളുകളുടെ എണ്ണം വർദ്ധിക്കുന്നു. നമുക്ക് ചെയ്യാൻ കഴിയുന്ന പ്രായോഗികമായ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ ശ്രദ്ധിക്കേണ്ട ഒരു വിഷയമാണ്. പരിമിതമായ ഭൂമി ഇങ്ങനെ കൊടുത്തു തീരുമ്പോൾ പുതിയ തലമുറയ്ക്ക് ഭൂമി ഉണ്ടാവില്ല. ലഭ്യമായ ഭൂമിയിൽ ഫ്ലാറ്റ് സിസ്റ്റംപോലെ പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ച് കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കണം. അത് രണ്ടുംകൂടി സമന്വയിപ്പിച്ചുകൊണ്ട് ഫ്ലാറ്റ് സിസ്റ്റം പോലെ പത്തോ പതിനാലോ നിലയിൽ ടൗൺഷിപ്പ് പോലെ കൊണ്ടുവരാൻ കഴിയും. അതുവഴി ഭൂരഹിതരുടെ പ്രശ്നം പരിഹരിക്കാനും വീടുകൊടുക്കാനും കഴിയും. അല്ലാതെ ഭൂമി കൊടുത്താൽ കേരളത്തിലെ മുഴുവൻ ഭൂമി കൊടുത്താലും ഈ പ്രശ്നം ഉണ്ടായിക്കൊണ്ടേയിരിക്കും. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. സി. മമ്മൂട്ടി ചൂണ്ടിക്കാണിച്ച കാര്യം വളരെ ശരിയാണ്. ഭൂരഹിതരില്ലാത്ത കേരളം എന്ന ഭാവനാപൂർണ്ണമായ ഒരു പദ്ധതി, സങ്കൽപ്പം വളരെ നല്ലതാണ്. പക്ഷെ, കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന മുറയ്ക്ക് ഭൂരഹിതരുടെ എണ്ണവും വർദ്ധിക്കുന്നു. അതുമാത്രമല്ല, തങ്ങളുടെ കയ്യിൽ കിട്ടുന്ന ഭൂമി കൈമാറ്റം ചെയ്ത് ഭൂരഹിതരായി മാറുന്ന

ആളുകളുടെ എണ്ണവും കുറവല്ല. ഇത്തരം വിഷയങ്ങളുള്ള സാഹചര്യത്തിൽ തീർച്ചയായും "LIFE" (സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി) പോലുള്ള പദ്ധതിയുടെ ഭാഗമായി എല്ലാ സ്ഥലങ്ങളിലും ഫ്ലാറ്റുകൾ നിർമ്മിച്ചുകൊടുത്തുകൊണ്ട് പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ചിലയിടങ്ങളിൽ പ്രത്യേകിച്ച് ഫ്ലാറ്റുകളിൽ താമസിക്കുന്നതിന് താൽപ്പര്യം കാണിക്കാത്ത ജനവിഭാഗങ്ങളുണ്ട്. മറ്റ് ചില പ്രദേശങ്ങളിൽ 3 സെന്റ് നൽകിയാൽ അവിടെ വീട് വച്ച് താമസിക്കാൻ താൽപ്പര്യമുള്ളവരുണ്ട്. എന്നാൽ പരമാവധി ഭൂമിയുടെ അളവ് ചുരുങ്ങുകയും ആവശ്യക്കാരുടെ എണ്ണം വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഫ്ലാറ്റുകൾ ഉൾപ്പെടെയുള്ളവ നിർമ്മിച്ചുകൊടുക്കാൻ കഴിയുന്ന മേഖലകളിൽ പ്രത്യേകിച്ച് നഗരപ്രദേശങ്ങളിൽ ഇത്തരം പദ്ധതികൾക്ക് രൂപം നൽകുന്നത് ഏറ്റവും ഉചിതമായിരിക്കുമെന്നും ഈ നിർദ്ദേശം സ്വാഗതാർഹമാണെന്നുമാണ് അത് സംബന്ധിച്ച് പറയാനുള്ളത്.

<u>ശ്രീ. എം. സ്വരാജ്</u>: സർ, ഇവിടെ ഭൂരഹിതരില്ലാത്ത കേരളമെന്ന ഏറ്റവും പ്രതീക്ഷാനിർഭരമായ ഒരു പദ്ധതിയെ സംബന്ധിച്ചാണ് സംസാരിക്കുന്നത്. നാം അഭിമുഖീകരിക്കേണ്ടിവരുന്ന പ്രധാനപ്പെട്ട ഒരു വെല്ലുവിളി എന്നുപറയുന്നത് നിലവിൽ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തിട്ടുള്ള വിവിധ

കാരണങ്ങളാൽ വായ്പാ അടവ് മുടങ്ങിപ്പോയിട്ടുള്ള ആളുകളുടെ നിലവിലുള്ള വീട് ജപ്തി ചെയ്യപ്പെടുന്ന ഒരു സാഹചര്യം നമ്മുടെ മുമ്പിലുണ്ട്. എല്ലാവർക്കും വീട് കൊടുക്കുന്ന പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട ആളുകളുടെ നിലവിലുള്ള വീട് നഷ്ടപ്പെടുന്ന ഒരു സ്ഥിതിയുമുണ്ടാകുന്നു. ആ കാര്യത്തിൽ ധനകാര്യ സ്ഥാപനങ്ങൾ ഒട്ടും മനുഷ്യത്വമില്ലാത്ത ഒരു സമീപനമാണ് സ്വീകരിക്കുന്നത്. റവന്യൂ റിക്കവറി നടപടികളിൽ വീട് ഒഴിവാക്കുന്നത് സംബന്ധിച്ച് ഈ പുതിയ പദ്ധതിയുടെകൂടെ വെളിച്ചത്തിൽ നമുക്ക് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. സ്വരാജ് ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ നല്ലതും വളരെ ശരിയായതുമായ ഒരാശയമാണ്. പക്ഷെ, നിലവിലിരിക്കുന്ന നിയമമനുസരിച്ചാണ് ഈ കാര്യങ്ങളൊക്കെ നടക്കുന്നതെന്ന പ്രത്യേകതയാണ് നമ്മുടെ മുമ്പിലുള്ളത്. റവന്യൂ മന്ത്രിയെന്ന നിലയിൽ എന്റെ മുമ്പിലെത്തുന്ന റവന്യൂ റിക്കവറി നടപടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വരുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യം പലപ്പോഴും തോന്നിയിട്ടുള്ളതാണ്. നമ്മൾ ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടില്ലാത്തവർക്ക് വീടും കൊടുക്കാനുള്ള പദ്ധതി നടപ്പാക്കാൻ എല്ലാ തരത്തിലും ഒരുങ്ങി

മുന്നോട്ടുപോകുകയാണ്. അത്തരമൊരു സാഹചര്യത്തിൽ വീട്ടുള്ളവരെ വീട്ടിൽനിന്ന് ഇറക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന നിലവിലുള്ള നിയമത്തിന്റെ പ്രശ്നങ്ങൾ സംബന്ധിച്ച് എന്തുചെയ്യാൻ കഴിയുമെന്നത് ഗൗരവ്വമായി ആലോചിക്കേണ്ട വിഷയമാണ്. തീർച്ചയായും അത്തരമൊരു ആശയത്തെ അടിസ്ഥാനപ്പെടുത്തി അതിന്റെ തുടർ ചർച്ചയും തീരുമാനവുമെല്ലാം സ്വീകരിക്കാവുന്നതാണ്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, നമ്മുടെ പഞ്ചായത്ത് തലങ്ങളിൽ ധാരാളമായി പഞ്ചായത്തിന്റെ ഭൂമിയുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഇപ്പോഴും സർവ്വെയർമാരുടെ ലഭ്യതക്കുറവ് ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിൽ വലിയ രീതിയിലുള്ള പ്രശ്നമുണ്ടാക്കുന്നുണ്ട്. അതിനൊരു പരിഹാരം കണ്ടെത്താൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ; അതോടൊപ്പംതന്നെ നിലം നികത്തുന്നത് സംബന്ധിച്ച് ഗവൺമെന്റ് ഓർഡർ ഇറക്കിയെങ്കിലും വേണ്ട രീതിയിൽ കൃഷി വകുപ്പും റവന്യൂ വകുപ്പും ഏകോപനത്തിലെത്താനുള്ള സാഹചര്യമുണ്ടായിട്ടില്ല. ഇന്നും ഭൂമിയില്ലാത്ത ആളുകൾക്ക് നിലമായി കിടക്കുന്ന സ്ഥലം കരഭൂമി ആക്കികൊണ്ട് വീട് പണിയുന്നത് സംബന്ധിച്ച് വേഗത കുറഞ്ഞിരിക്കുകയാണ്. പ്രത്യേക നിർദ്ദേശം നൽകി അങ്ങനെയുള്ള അപേക്ഷകളിൽ എത്രയും വേഗം തീർപ്പ് കൽപ്പിക്കാനുള്ള ഒരു സാഹചര്യമുണ്ടാക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ രണ്ടാമത് ചൂണ്ടിക്കാണിച്ച കാര്യം ഞാനാദ്യം സൂചിപ്പിച്ചുകഴിഞ്ഞതാണ്. ഇതുമായി ബന്ധപ്പെട്ട ഒരു സർക്കുലർ നേരത്തെ ഇറക്കിയിട്ടുണ്ട്. അതിൽ ഏതെങ്കിലും തരത്തിലുള്ള അപര്യാപ്തതയോ, സ്പഷ്ടീകരണം നടത്തേണ്ടതിന്റെ ആവശ്യകതയോ ഉണ്ടെങ്കിൽ അത് സ്വീകരിക്കാവുന്നതാണ്. മറ്റൊന്ന്, ഭൂമി അളന്ന് തിട്ടപ്പെടുത്താനാവശ്യമായ സർവ്വെയർമാരില്ല എന്ന രീതിയിൽ അദ്ദേഹം ഒരു കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. സർവ്വെയർമാരുടെ എണ്ണം വളരെ മോശമല്ലാത്ത വിധത്തിൽ നമ്മുടെ സംസ്ഥാനത്തുണ്ട്. തീർച്ചയായും ഏതെങ്കിലും മേഖലകളിൽ അത്തരം വിഷയമുണ്ടെങ്കിൽ, ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിൽ സർക്കാരിന് എടുക്കേണ്ട ഭൂമി സംബന്ധിച്ചുള്ള റീസർവ്വെ പ്രവർത്തനം പുനരാരംഭിക്കുകയാണ്. റീസർവ്വെയുടെ നടപടികളുമായി മുമ്പോട്ടുപോകാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. സ്വാഭാവികമായും അതിന്റെ ഭാഗമായി സർക്കാരിൽ നിക്ഷിപ്തമാക്കേണ്ട ഭൂമിയെ സംബന്ധിച്ച വ്യക്തമായ ഒരു ചിത്രം റീസർവ്വെ പ്രവർത്തനങ്ങളിലൂടെ നമുക്ക് വരുത്താൻ സാധിക്കും. അതിനുപുറമെ ഏതെങ്കിലും പ്രദേശത്തെ ഭൂമിയുമായി ബന്ധപ്പെട്ട വിഷയത്തിൽ സർവ്വെ നടത്തുന്നതിനാവശ്യമായ ഏതെങ്കിലും പോരായ്മയുണ്ടെങ്കിൽ

ശ്രദ്ധയിൽപ്പെടുത്തിയാൽ അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: വിഷയം ഭൂമി ആയതുകൊണ്ട് നമ്മൾ കുറച്ചധികം സമയമെടുത്തു. ഇനി നിവൃത്തിയില്ല.

## പൊതുമരാമത്ത് ജോലികൾക്ക് സോഷ്യൽ ഓഡിറ്റിംഗ്

(*92)

ശ്രീമതി സി. കെ. ആശ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി ഗീതാ ഗോപി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് ജോലികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ് സോഷ്യൽ ഓഡിറ്റിംഗിന് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഏതൊക്കെ തലത്തിലാണ് സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) സോഷ്യൽ ഓഡിറ്റിംഗ് വഴി എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടാകുന്നതെന്ന് അറിയിക്കുമോ;

(ഡി) കരാറുകാരും ഉദ്യോഗസ്ഥരും തമ്മിലുള്ള ഒത്തുകളി അവസാനിപ്പിക്കുന്നതിന് സോഷ്യൽ ഓഡിറ്റിംഗ് മുഖേന സാധ്യമാകുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, (എ & ബി) സോഷ്യൽ ഓഡിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. അത് നിർബന്ധമാക്കിയത് 2016 ജൂൺ 24-ന് ഈ സഭയിൽ ബഹുമാനപ്പെട്ട ഗവർണർ നടത്തിയ പ്രസംഗത്തിന്റെകൂടി അടിസ്ഥാനത്തിലാണ്. പ്രസംഗത്തിലെ 146-ാം ഖണ്ഡികയിൽ 'പി.ഡബ്ല്യൂ.ഡി. പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റ് സ്വീകരിക്കുന്നതാണെന്ന്' അദ്ദേഹം പറഞ്ഞിട്ടുണ്ട്. അതിൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അസംബ്ലി മണ്ഡലാടിസ്ഥാനത്തിലുമാണ് ഉദ്ദേശിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് നടത്തുന്ന ഓരോ പ്രവൃത്തിയിലും ആവശ്യം വന്നാൽ പരിശോധിക്കണമെന്നുള്ളതാണ്. അങ്ങനെ നിശ്ചയിക്കപ്പെടുന്ന ജനപ്രതിനിധികളും സാങ്കേതിക വിദഗ്ദ്ധരും അതുപോലെ ഇത്തരം കാര്യങ്ങളിൽ പൊതുവേ സ്വീകാര്യരായ വ്യക്തികളുമടങ്ങുന്ന കമ്മിറ്റികളാണ് ഉദ്ദേശിക്കുന്നത്. കമ്മിറ്റികൾ രൂപീകരിച്ച് പ്രഖ്യാപിച്ചിട്ടില്ല. അതിന്റെ ഘടനയെപ്പറ്റിയാണ് ഞാൻ പറയുന്നത്.

(സി) പ്രവൃത്തികളുടെ ഗുണനിലവാരം, നിർമ്മാണ പ്രവൃത്തികളുടെ ഉദ്ദേശലക്ഷ്യങ്ങളുടെ സാക്ഷാത്കാരം, അതിന്റെ ജനകീയത, സുതാര്യത,

സമയബന്ധിതമായി പൂർത്തിയാക്കൽ, സാമ്പത്തികമായിട്ടുള്ള ദുർവിനിയോഗമില്ലായ്മ എന്നിവ ഉറപ്പാക്കുന്നതിനാണ് ഉദ്ദേശിക്കപ്പെടുന്നത്.

(ഡി) ഇന്നുള്ളതിനെക്കാൾ കുറേക്കൂടി മുന്നോട്ടുവന്ന് വലിയൊരു പരിധിവരെ പൊതുമരാമത്ത് വകുപ്പിലുണ്ടെന്ന് പൊതുവേ ആക്ഷേപമുള്ള അഴിമതി അവസാനിപ്പിക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്, അനുഭവവും അതുതന്നെയാണ്. അങ്ങനെ ഏതെങ്കിലും ഒരു പ്രവൃത്തിയിൽ ക്രമക്കേടുണ്ടെന്ന റിപ്പോർട്ട് സോഷ്യൽ ഓഡിറ്റിംഗ് കമ്മിറ്റി തന്നാൽ ഗവൺമെന്റിന്റെ അംഗീകൃത ഏജൻസിയെകൊണ്ട് അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നുള്ളതാണ് അത് സംബന്ധിച്ചുള്ള ധാരണ. ഇത് വളരെ വിജയകരമായി 2016-ൽ ആലപ്പുഴ ദേശീയപാതയിൽ നടപ്പാക്കിയിരുന്നു. ദേശീയപാതയുടെ നിർമ്മാണ കാലാവധി മൂന്ന് വർഷമായിരുന്നതിൽ ആദ്യ വർഷംതന്നെ ചേർത്തല മുതൽ ഓച്ചിറവരെയുള്ള 80 കിലോമീറ്റർ ഈ ഗവൺമെന്റ് വരുമ്പോൾ തകർന്ന് തരിപ്പണമായി കിടക്കുകയായിരുന്നു. അതിന്റെ റിപ്പയർ വർക്കൊന്നും ശരിയായില്ല. അപ്പോഴാണ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വേണുഗോപാൽ ചെയർമാനും കായംകുളം മുനിസിപ്പൽ ചെയർമാൻ ശ്രീ. എൻ. ശിവദാസൻ കൺവീനറും, ചേർത്തല മുനിസിപ്പൽ ചെയർമാൻ ശ്രീ. ഐസക്

മാടവനയും, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ദലീമാ ജോജോ അംഗവും മറ്റൊരു വിദഗ്ദ്ധ എഞ്ചിനീയറുമടങ്ങുന്ന കമ്മിറ്റിയെ നിയോഗിച്ചത്. അവരുടെ പ്രാഥമിക റിപ്പോർട്ടും അന്തിമ റിപ്പോർട്ടും വളരെ പ്രയോജനകരമായി. അതിനുശേഷം അവിടെ നടന്ന റിപ്പയർ ആന്റ് മെയിന്റനൻസ് കഴിഞ്ഞ 7 മാസമായി യാതൊരു കുഴപ്പവുമില്ലാതെ നടത്തുന്നുണ്ട്. ഇതുപോലെതന്നെ വയനാട്ടിൽ കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഗുരുതരമായ ആരോപണങ്ങൾ വന്നു. അതന്വേഷിക്കാൻ അവിടത്തെ എം.എൽ.എ. ശ്രീ.സി. കെ. ശശീന്ദ്രൻ ചെയർമാനും 3 മുനിസിപ്പൽ ചെയർമാൻമാർ അംഗങ്ങളും കോഴിക്കോട് സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനറുമായ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഇത് പെട്ടെന്ന് ചെയ്യുതാണ്. ഇത് സംസ്ഥാനാടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും മണ്ഡലാടിസ്ഥാനത്തിലും വളരെ ശരിയായ തരത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നു. ഗവർണറുടെ പ്രസംഗത്തിലെ മാൻഡേറ്റുംകൂടി അതിലുണ്ട്.

<u>ശ്രീമതി സി. കെ. ആശ</u>: സർ, പൊതുമരാമത്ത് വകുപ്പ് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നത് പ്രവൃത്തികളുടെ സുതാര്യതയും ഗുണനിലവാരവും വർദ്ധിപ്പിക്കുമെന്നതിനാൽ ഈ നടപടിയെ സർവ്വാത്മനാ സ്വാഗതം

ചെയ്യുകയാണ്. സംസ്ഥാന-ജില്ലാ-മണ്ഡലം തലങ്ങളിലേയ്ക്ക് ഇത് വേഗത്തിൽ നടപ്പിലാക്കാനുള്ള നടപടികൾ അങ്ങ് സ്വീകരിക്കുമെന്നുറപ്പുണ്ട്. ഇക്കാര്യത്തിൽ അങ്ങയെ അഭിനന്ദിക്കുന്നു. എന്റെ മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി ബിൽഡിംഗ്സ് വിഭാഗത്തിന് സ്വന്തമായി കെട്ടിടമുള്ളതാണ്. എന്നാൽ ആ കെട്ടിടം എസ്.ടി ഓഫീസിന് പ്രവർത്തിക്കുവാനായി നൽകിയിട്ട് നിലവിൽ പി.ഡബ്ല്യു.ഡി ബിൽഡിംഗ്സ് വിഭാഗം വൈക്കത്തുള്ള പി.ഡബ്ല്യു.ഡി റെസ്റ്റ് ഹൗസിലെ കോൺഫറൻസ് ഹാളിലാണ് പ്രവർത്തിക്കുന്നത്. ഇത് ജനപ്രതിനിധി എന്നനിലയിൽ എനിക്കും ചില ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. അതുപോലതന്നെ റെസ്റ്റ് ഹൗസിൽ പ്രവർത്തിക്കുന്ന കാന്റീന്റെ പ്രവർത്തനം വർഷങ്ങളായി നിലച്ചിരിക്കുകയാണ്. ഇത് തുടർന്നും പ്രവർത്തിക്കുന്നതിന് അടുക്കള ഉപകരണങ്ങൾ വാങ്ങുവാൻ മൂന്നുലക്ഷം രൂപ ഡിപ്പാർട്ട്മെന്റിൽനിന്നും അലോട്ട് ചെയ്തിരുന്നു. എങ്കിലും ഇപ്പോഴും അതിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ല. ഈ വിഷയത്തെക്കുറിച്ച് പലതവണ ഞാൻ വകുപ്പിൽ അറിയിപ്പ് തന്നെങ്കിലും യാതൊരു തീരുമാനവും ഇതുവരെ ഉണ്ടായിട്ടില്ല. ആയതിനാൽ പി.ഡബ്ല്യു.ഡി ബിൽഡിംഗ്സ് വിഭാഗത്തെ തിരികെ സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനും റെസ്റ്റ് ഹൗസിൽ ക്യാന്റീൻ

പ്രവർത്തിക്കുന്നതിനും അടിയന്തരമായി നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട കാര്യമല്ല ഇവിടെ ഉന്നയിച്ചത്. എന്നാലും ഉന്നയിച്ച കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.ഡബ്ല്യു.ഡി ബിൽഡിംഗ്സ് വിഭാഗം സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറണമെന്ന് ഉത്തരവ് കൊടുത്തിട്ടുണ്ട്. അവിടെയൊരു പുതിയ കെട്ടിടവുംകൂടി നിർമ്മിച്ചിട്ടുണ്ട്. ഞാൻ ഈ അടുത്തകാലത്ത് അവിടെയൊരു പാലത്തിന്റെ ശിലാസ്ഥാപനത്തിന് വന്നപ്പോൾ അവിടെ കയറിയിരുന്നു. തീർച്ചയായും നിലവിലുള്ള ഓഫീസിലേയ്ക്ക് മാറണം. റെസ്റ്റ് ഹൗസ് ക്യാന്റീനിലെ അടുക്കളയിൽ ആവശ്യമുള്ള പാത്രങ്ങൾ വാങ്ങാനുള്ള പണം കൊടുക്കുകയും ആ കാര്യത്തിൽ നിർദ്ദേശം കൊടുക്കുയും ചെയ്തിട്ടുണ്ട്.

<u>ശ്രീമതി. സി. കെ. ആശ</u>: സർ, എന്റെ രണ്ടാമത്തെ ചോദ്യവും സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ടതല്ല. എങ്കിലും മണ്ഡലത്തിലെ പ്രധാനപ്പെട്ട വിഷയമെന്ന നിലയിൽ എനിക്ക് ചോദിക്കാതിരിക്കാൻ നിവർത്തിയില്ല. വൈക്കം നിയോജകമണ്ഡലത്തിലെ മുറിഞ്ഞിപുഴ പാലത്തിലെ ടോൾപിരിവ് ഇപ്പോഴും നിലനിൽക്കുന്നു. എന്നാൽ സമീപ മണ്ഡലങ്ങളിലെ പാലങ്ങളുടെ ടോൾപിരിവ് നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. ഇതുകാരണം എനിക്ക്

പൊതുജനങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി കൊടുക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ ഞാൻ ഡിപ്പാർട്ട്മെന്റിൽ തന്നിട്ടുള്ള റിക്വസ്റ്റുകളും ഇപ്പോൾ ഇവിടെ ചോദിച്ച ഈ ചോദ്യവും പരിഗണിച്ചുകൊണ്ട് ടോൾ നിർത്തലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ : സർ, എല്ലാ ടോളുകളും നിർത്തലാക്കണമെന്നാണ് ഈ ഗവൺമെന്റിന്റെ അഭിപ്രായം. വകുപ്പുമന്ത്രിയായ ഞാൻ മാത്രമല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പല വേദികളിലും ഇത് പറഞ്ഞിട്ടുണ്ട്. നാഷണൽ ഹൈവെ അതോറിറ്റിയുടെ ടോളുകൾ 100 കോടിയിൽ താഴെയുള്ള നാലെണ്ണം അവർ നിർത്തലാക്കിതന്നിട്ടുണ്ട്. ബാക്കിയുള്ളത് അവർ നിർത്തലാക്കിയിട്ടില്ല. നമുക്കതിൽ നേരിട്ട് നടപടിയില്ല. നിർത്തലാക്കണമെന്ന് ഏറ്റവും ഒടുവിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത കോൺഫറൻസിലും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ചില പരിശോധനകൾ നടത്തി നോക്കാമെന്ന് അവർ പറഞ്ഞിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് നേരിട്ട് നടപ്പിലാക്കിയ ടോൾ പിരിവുകളിൽ ഏഴെണ്ണം നിർത്തലാക്കിയിട്ടുണ്ട്. അതിൽ സാമ്പത്തിക പ്രയാസങ്ങളൊക്കെ ഉണ്ട്.

കാരണം, അതിന് ചെലവഴിച്ച പണം തിരിച്ചുവരുന്നതുവരെയോ അല്ലെങ്കിൽ ഇത്ര വർഷംവരെയോ എന്നൊക്കെയാണ് കണ്ടീഷൻ. അതിനുള്ള ആക്റ്റൊക്കെ അസംബ്ലിയിൽ പാസ്സാക്കിയിട്ടുള്ളതാണ്. സംസ്ഥാന ഗവൺമെന്റിന്റെ ടോളുകൾ നിർത്തലാക്കുന്നതിന് തത്വപരമായി യാതൊരു അഭിപ്രായവ്യത്യാസവുമില്ല. അത് മൊത്തത്തിൽ നോക്കി ചെയ്യാൻവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. ഇനിയിപ്പോൾ നിർമ്മിക്കുന്ന റോഡുകളിൽ ടോൾ ഉണ്ടാകില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്നെ ഈ സഭയിൽ പറഞ്ഞിട്ടുണ്ട്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, പല വകുപ്പുകളും സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതു സംബന്ധിച്ച് ആലോചിക്കുകപോലും ചെയ്യാതിരിക്കുന്ന കാലഘട്ടത്തിൽ പൊതുമരാമത്ത് ജോലികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിനുവേണ്ടി അങ്ങെടുത്ത മുൻകൈ പ്രവർത്തനത്തെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. പി.ഡബ്ല്യു.ഡി ആണെങ്കിലും നാഷണൽ ഹൈവെ ആണെങ്കിലും സ്റ്റേറ്റ് ഹൈവെ ആണെങ്കിലും കിലോമീറ്ററോളം വരുന്ന പഴയ റോഡുകൾ കയ്യേറി നഷ്ടപ്പെടുന്ന സാഹചര്യമുണ്ട്. ശ്രീമതി സി. കെ. ആശ ഇവിടെ സൂചിപ്പിച്ച റെസ്റ്റ് ഹൗസുകൾ അടക്കം എൻ.എച്ച്-ന്റെയും

എസ്.എച്ച്-ന്റെയും പഴയതും പുതിയതുമായ റോഡുകളെ സംബന്ധിച്ചുള്ള ആസ്തി എത്രയാണെന്നതിനെക്കുറിച്ച് ഒരു രജിസ്റ്റർ സൂക്ഷിക്കുന്നത് നന്നായിരിക്കുമെന്ന് ഈ അവസരത്തിൽ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അതോടൊപ്പംതന്നെ സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായോ അല്ലാതെയോ കോൺട്രാക്ടറുടെ കുറ്റംകൊണ്ട് സംഭവിക്കുന്ന പ്രവൃത്തികൾ റീ-ടെണ്ടർ ചെയ്യുമ്പോൾ ഉണ്ടാകുന്ന നഷ്ടം സ്വാഭാവികമായും കോൺട്രാക്ടറുടെ ബാധ്യതയായി വരുന്നതാണ്. എന്നാൽ ഇത്തരം നടപടിക്രമങ്ങൾ കണ്ടുപിടിക്കപ്പെട്ടുകഴിഞ്ഞാൽ കുറ്റവാളികളുടെ പേരിൽ നടപടി സ്വീകരിക്കുന്ന കാര്യത്തിൽ അനാവശ്യമായ കാലതാമസം ഉണ്ടാകുന്നുണ്ട്. കഴിഞ്ഞ സഭയിൽ സബ്മിഷനിലൂടെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന വിഷയങ്ങളിൽപ്പോലും നടപടി ഉണ്ടായിട്ടില്ല. ഈ കാലതാമസം ഒഴിവാക്കി കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കുന്നത് വേഗത്തിലാക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, പി.ഡബ്ല്യൂ.ഡി.യുടെ സ്വത്തുക്കൾക്കെല്ലാം ആസ്തി രജിസ്റ്റർ ഉണ്ട്. പക്ഷെ അതനുസരിച്ചുള്ള പരിപാലനം ദീർഘകാലമായി നടന്നിട്ടില്ലായെന്നതാണ് പ്രശ്നം. ഇനി നമ്മൾ തുടങ്ങണം. തുടങ്ങാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഒരുദിവസംകൊണ്ട് അത് തീരില്ല. കാരണം,

കേരളമാകെ വ്യാപിച്ചുകിടക്കുകയാണ്. കയ്യേറിയതും കയ്യേറാത്തതുമായി ധാരാളമുണ്ട്. പി.ഡബ്ല്യു.ഡി.യുടെ സ്വത്തുക്കൾ നിയമപ്രകാരം കൈവശമാണെന്ന് ഉറപ്പിക്കുന്നതിനുള്ള നടപടികളെടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പക്ഷെ അതിന് കുറച്ച് കാലതാമസം വരും. എന്നാലും അത് നടപ്പിലാക്കുന്നതായിരിക്കും. രണ്ടാമത് ചോദിച്ച ചോദ്യം, സോഷ്യൽ ഓഡിറ്റിന്റെ കാലതാമസത്തെക്കുറിച്ചാണ്. ടെണ്ടറിന്റെ കാര്യത്തിലുണ്ടാകുന്ന കാലതാമസം റിസ്ക് ആന്റ് കോസ്റ്റിൽതന്നെ പിടിക്കും. ഉദാഹരണത്തിന് ആലപ്പുഴയിൽ നടന്ന കാര്യത്തെക്കുറിച്ച് ഞാൻ പറഞ്ഞല്ലോ. അത് മലബാറുകാരനായ വലിയൊരു കോൺട്രാക്ടറാണ്. അവിടെ റിസ്ക് ആന്റ് കോസ്റ്റിൽ പിടിക്കുക മാത്രമല്ല അദ്ദേഹത്തെ കരിമ്പട്ടികയിൽപ്പെടുത്തി റദ്ദുചെയ്യുകയും ചെയ്തു. അങ്ങനെ നടപടികളെടുക്കുന്നുണ്ട്. ചിലപ്പോൾ കാലതാമസം വരാം. കാരണം, നൂറുകണക്കിന് വർക്കുകളാണ് നടക്കുന്നത്. പക്ഷെ കാലതാമസം ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. എന്നാൽ കാലതാമസം വരുത്തി കോൺട്രാക്ടറെ സഹായിക്കുന്നവരുണ്ടെങ്കിൽ നടപടിയെടുക്കാനും തയ്യാറാണ്. ഏതായാലും ഇക്കാര്യത്തിൽ വലിയ തലത്തിൽ ബഹുജന ബോധം വളർന്നുവന്നിട്ടുണ്ട്. രാത്രി പന്ത്രണ്ടുമണിക്കും ഒരുമണിക്കുമൊക്കെ ആൾക്കാർ

വിളിച്ചിട്ട് ആ റോഡ് അങ്ങനെ ചെയ്യുന്നു, ഈ റോഡ് ഇങ്ങനെ ചെയ്യുന്നു എന്നൊക്കെ പറയുന്നുണ്ട്. അതൊരു ബഹുജന ബോധമാണ്. അത് ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. തീർച്ചയായും നടപടികൾ ശക്തിപ്പെടുത്തും.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, എഞ്ചിനീയർമാരുണ്ടാക്കുന്ന എസ്റ്റിമേറ്റുകളും വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകളും ഇംഗ്ലീഷിലായതുകൊണ്ട് സാധാരണക്കാർക്ക് മനസ്സിലാക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. അതുപോലെ സാങ്കേതികമായിട്ടുള്ള പദങ്ങളുമൊക്കെ സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിന് വിഘാതമായി നിൽക്കുന്നുണ്ട്. അതുമാത്രമല്ല, കുറെനാളുകളായി ചർച്ച ചെയ്യപ്പെടുന്ന ഈ രംഗത്തുള്ള അഴിമതി അവസാനിപ്പിക്കാൻവേണ്ടി നല്ല ശ്രമങ്ങൾ നടത്തുമ്പോൾ സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ കാര്യങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്ന രീതിയിൽ എന്ത് തരത്തിലുള്ള നിയമനിർമ്മാണമാണ് നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നത്? അതോടൊപ്പം എഞ്ചിനീയർമാർക്കും കോൺട്രാക്ടർമാർക്കും കൂടുതൽ ഉത്തരവാദിത്വം നൽകുന്ന തരത്തിൽ പി.ഡബ്ല്യു.ഡി മാനുവൽ പരിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, എസ്റ്റിമേറ്റിന്റെയും പൊതുമരാമത്തുമായി

ബന്ധപ്പെട്ട രേഖകളുടെയും ഭാഷയെക്കുറിച്ചാണ് ചോദിച്ചത്. സാധാരണയുള്ള എല്ലാ ഭരണ നടപടികളും മാതൃഭാഷയിലാകണമെന്ന തീരുമാനമുണ്ട്. പൂർണ്ണമായിട്ട് ആയിട്ടില്ല. ശക്തമായ നിലപാട് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അവിടെ ഭാഷ മലയാളത്തിലാക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാകുമെന്ന് തോന്നുന്നില്ല. അത് അവരുമായി ചർച്ച ചെയ്യാം. സാങ്കേതിക പദങ്ങളൊന്നും ഒഴിവാക്കാൻ കഴിയില്ല. സാങ്കേതിക പദങ്ങൾ ഒഴിവാക്കിയാൽ എസ്റ്റിമേറ്റ് ഉണ്ടാക്കാൻ സാധിക്കില്ല. എസ്റ്റിമേറ്റ് തന്നെ സാങ്കേതികമാണ്. അത് പ്രൊഫഷണലാണ്.

മി. സ്പീക്കർ : എസ്റ്റിമേറ്റ് വായിച്ചാൽ മനസ്സിലാകുന്ന രീതിയിലാണെങ്കിൽ നന്നായിരിക്കും.

ശ്രീ. ജി. സുധാകരൻ : സർ, മലയാളത്തിലാക്കുന്ന കാര്യം അവരുമായി ചർച്ചചെയ്യാം. ദീർഘകാലമായി ഇംഗ്ലീഷിൽ എഴുതി ശീലിച്ചുപോയവരാണ്. നമ്മുടെ ഭാഷയിലാക്കാൻ പറയാം. പക്ഷെ സാങ്കേതിക പദങ്ങളൊന്നും ഒഴിവാക്കാൻ കഴിയില്ല. പിന്നെയുള്ള ചോദ്യം, കോൺട്രാക്ടർക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ ചെലുത്തി നിയമനിർമ്മാണം ഉണ്ടാക്കാമോ എന്നതാണ്. ഇപ്പോൾതന്നെ കോൺട്രാക്ടർക്ക് ഉത്തരവാദിത്വമുണ്ട്. അതാണ് റിസ്ക് ആന്റ്

കോസ്റ്റ്, കരിമ്പട്ടികയിൽ പെടുത്തുക എന്നിവ. എന്നാൽപോലും കോൺട്രാക്ടർ ബോധപൂർവ്വമൊരു പിശക് കാണിച്ചാൽ പൂർണ്ണമായും അയാളെ ശിക്ഷിക്കാനുള്ള അർഹമായ നിയമം ഇപ്പോഴുമുണ്ടെന്ന് തോന്നുന്നില്ല. കുറച്ച് ബെനിഫിറ്റ് കിട്ടിയിട്ടുണ്ട്. നമ്മുടെ ചില ഉദ്യോഗസ്ഥരും അതിന് കൂട്ടുനിൽക്കാറുണ്ട്. ഏതായാലും ശരി ഈ കാര്യം അന്വേഷിക്കാം. ചില യൂറോപ്യൻ രാജ്യങ്ങളിൽ എഞ്ചിനിയേഴ്സ് ആക്ട് എന്നുപറയുന്നൊരു നിയമമുണ്ട്. ആ നിയമം ഇവിടെയും കൊണ്ടുവരാൻ നോക്കുകയാണ്. എഞ്ചിനീയർമാരും സൂപ്പർവൈസറും നേരെയാണെങ്കിൽ കോൺട്രാക്ടർമാർക്ക് ഒന്നും ചെയ്യാൻ കഴിയില്ല. പുതിയ രീതിയിലുള്ള കോടിക്കണക്കിന് വികസനം വരികയാണ്. ഇനി ഏതൊരുകാലത്തും വരും. അതിനെയെല്ലാം നല്ലരീതിയിലും കുറ്റമറ്റതരത്തിലും ധനദുർവിനിയോഗമില്ലാതെയും നടത്താനും ഗുണമേന്മയോടുകൂടി പൂർത്തീകരിക്കാനുമുള്ള വിദഗ്ദരെയാണ് ഇനി ആവശ്യം. അതിന് പുതിയ നിയമനിർമ്മാണം ആവശ്യമാണെങ്കിൽ അക്കാര്യം പരിഗണിക്കുന്നതാണ്.

ശ്രീമതി ഗീതാ ഗോപി: സർ, ഗവൺമെന്റ് സ്ഥാപനങ്ങളിലെ സോഷ്യൽ ഓഡിറ്റും പെർഫോമൻസ് ഓഡിറ്റും ഫിനാൻഷ്യൽ ഓഡിറ്റുമെല്ലാം സ്ഥാപനത്തെ

ഏറ്റവും മികവുറ്റതാക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. അങ്ങയുടെ വകുപ്പുമായി ബന്ധപ്പെട്ടുള്ള ഫയലുകളിൽ, സെക്രട്ടേറിയറ്റിലെ അങ്ങയുടെ ഓഫീസ് വളരെ നല്ല മറുപടിയാണ് നൽകുന്നത്. ഞാൻ മുഖസ്തുതിയായി സഭയിൽ പറയുന്നതല്ല. ആ നല്ല ഇടപെടൽ, ആ ഓഫീസിലെ അതേ സംവിധാനം മറ്റ് സർക്കാർ ഓഫീസുകളുമായി ബന്ധപ്പെടുത്തി, പ്രത്യേകിച്ച് പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളെ സംബന്ധിച്ച്...., ജനകീയമായ വിഷയം വന്നാൽ അതിനെ കൃത്യമായി ഓഡിറ്റ് ചെയ്യുന്ന ഒരു സംവിധാനം, സെക്രട്ടേറിയറ്റിലുള്ളതുപോലെ ജില്ലാതലത്തിലെ സർക്കാർ ഓഫീസുകളിലും......, കേരളത്തിന്റെ വികസനം തന്നെ നല്ല കാഴ്ചപ്പാടോടുകൂടി കാണുന്ന......, നല്ല പാലം, നല്ല റോഡ്, നല്ല വെളിച്ചം, നല്ല കെട്ടിടങ്ങൾ, അത്തരത്തിലുള്ള നിലവാരത്തിൽ ഇന്ന് ജനങ്ങൾ നമ്മളെ വീക്ഷിക്കുന്നുണ്ട്. ആ യാഥാർത്ഥ്യം മറച്ചുവയ്ക്കാതെ, ഒരു ഉദാഹരണം പറയുകയാണ്, തൃശ്ശൂർ ജില്ലയിൽ എന്റെ മണ്ഡലത്തിൽ ഐ.ടി. വികസനവുമായി ബന്ധപ്പെടുത്തി ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി മൂന്ന് കോടി രൂപ അനുവദിച്ചു. അതുമായി ബന്ധപ്പെട്ടുള്ള ബിൽഡിംഗിന്റെ എല്ലാ ഫയൽ നടപടികളും പൂർത്തീകരിച്ചു. ഞാൻ ഇന്നലെ ബന്ധപ്പെട്ട സെക്ഷനിൽ അന്വേഷിച്ചപ്പോൾ ആ ഫയലിലെ നടപടികൾ വളരെ കൃത്യമായി അറിഞ്ഞു.

ഇതിൽ ജനകീയപരമായ ഒരു താല്പര്യമുണ്ട്. ജനങ്ങൾക്ക് ആ തീരുമാനം അറിയണമെങ്കിൽ ജാഗ്രതയോടെ ഇത്തരം സോഷ്യൽ ഓഡിറ്റ് ജില്ലാതലത്തിലും ഏർപ്പെടുത്തുന്നതിനുള്ള നടപടിയുണ്ടാകണം. നല്ല കമാന്റിംഗ് പവറുള്ള പൊതുമരാമത്ത് വകുപ്പുമന്ത്രിയാണ് അദ്ദേഹം എന്നുള്ളത് എനിക്ക് വ്യക്തമായ ബോദ്ധ്യമുണ്ട്. അതുകൊണ്ട് അങ്ങേയ്ക്ക് അത് സാധിക്കും എന്നുകൂടി ഞാൻ പറയുന്നു.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, പൊതുമരാമത്ത് വകുപ്പിന്റെ ഏത് ഓഫീസും സോഷ്യൽ ഓഡിറ്റിന് വിധേയമാണ്. സോഷ്യൽ ഓഡിറ്റ് വന്നതിനുശേഷം ആലപ്പുഴയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കെതിരെ നടപടിയെടുത്തു. ഒരു എ.എക്സ്.ഇ.-ക്കെതിരെയും രണ്ട് ഓവർസീയർമാർക്കെതിരെയും എ.ഇ.-മാർക്കെതിരെയും നടപടിയെടുത്തു. സസ്പെഷൻനൊന്നും ചെയ്തില്ല, സ്ഥലം മാറ്റി. അതിനുശേഷം അവിടെ കാര്യങ്ങൾ ഭംഗിയായി നടന്നു. അതോടൊപ്പം തന്നെ ആധികാരികമായി പൊതുജനങ്ങൾ ചോദിച്ചാൽ ഈ ഓഡിറ്റ് റിപ്പോർട്ട് കൊടുക്കുന്നതാണ്. അതിന് യാതൊരു തടസ്സവുമില്ല. വിവരാവകാശ കമ്മീഷനിൽ പോകുകയൊന്നും വേണ്ട. നേരിട്ട് കത്ത് തന്നാൽ കോപ്പി നൽകുന്നതാണ്.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഏതെങ്കിലും തലത്തിലുള്ള കൺസൾട്ടേറ്റീവ്

കമ്മിറ്റികൾ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; റോഡിന്റെ ഡ്യൂറബിലിറ്റിയാണ് പ്രധാനപ്പെട്ട ഒരു കാര്യം. എറണാകുളം പോലുള്ള സ്ഥലത്ത് പലപ്പോഴും കാണാൻ സാധിക്കുന്നത്, റോഡ് ടാർ ചെയ്തതിനുശേഷമാണ് റിലയൻസ് അടക്കമുള്ള വൻകിട ടെലികോം കമ്പനികൾ, 7 കോടി രൂപ ചെലവാക്കി സെൻട്രൽ റോഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച റോഡിൽ...., ആദ്യം കേബിളിട്ടതാണ്, അതിനുശേഷം വീണ്ടും ഒപ്റ്റിക്കൽ ഫൈബർ എന്ന പേരിൽ വീണ്ടും കേബിളിടാൻ വരുന്നു. ഇത്തരം പ്രവർത്തികൾക്ക് അനുമതി നൽകുന്നത് പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസിൽ നിന്നുതന്നെയാണ്. ഒന്നുകിൽ ഈ റോഡ് ടാർ ചെയ്യുന്നതിനുമുമ്പ് ഇത്തരം ഓർഡറുകൾ കൊടുക്കണം. അല്ലെങ്കിൽ അതിനുശേഷമുള്ള നടപടികൾ നിർത്തിവയ്ക്കാൻവേണ്ടി പൊതുമരാമത്ത് വകുപ്പ് തയ്യാറാകണം. ഇത് സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായി കൊണ്ടുവരാൻ സാധിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. ജി. സുധാകരൻ: സർ, സോഷ്യൽ ഓഡിറ്റിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളും വരും. കമ്മിറ്റിയെ സംബന്ധിച്ച് പറഞ്ഞു, മണ്ഡലം, ജില്ല, സംസ്ഥാന തലങ്ങളിൽ...., കൺസൾട്ടേറ്റീവ് കമ്മിറ്റിയല്ല, പവറുള്ള കമ്മിറ്റിയാണ്. ആലപ്പുഴയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കെതിരെ നടപടിയെടുത്തത് കണ്ടില്ലേ;

ആ കമ്മിറ്റിയാണ്. ജനപ്രതിനിധികൾ അതിൽ വരും. മറ്റൊന്ന് കേബിളിടുന്ന കാര്യമാണ്. കേബിളിടേണ്ടെന്ന് പറയാൻ പറ്റില്ല. ഗവൺമെന്റ് വകുപ്പുകളായ കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, ബി.എസ്.എൻ.എൽ. ഇവർക്കെല്ലാം പൈപ്പിടേണ്ടതായി വരും. നാട്ടിൽ വെള്ളവും വൈദ്യുതിയും കൊടുക്കണം. വേണ്ടെന്ന് പറയാൻ സാധിക്കില്ല. റിലയൻസ് പോലുള്ള കുത്തക കമ്പനികൾക്കും അതിനുള്ള അനുമതി കൊടുക്കണം, കൊടുക്കാതിരിക്കാൻ പറ്റില്ല. മൊബൈലെല്ലാം വർക്ക് ചെയ്യണ്ടേ. ഈ ഗവൺമെന്റ് വന്നതിനുശേഷം റോഡ് കട്ട് ചെയ്യുന്നതിനുള്ള അനുമതി കൊടുക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ടി.ഒ. സൂരജ് ഇറക്കിയ ഉത്തരവുകളെല്ലാം കുഴപ്പംപിടിച്ചവയായിരുന്നു. അഴിമതി മാത്രമാണ് അതിലുണ്ടായിരുന്നത്. ഒരിക്കലും അങ്ങനെ ചെയ്യാൻ പാടില്ല. ഞാൻ അതെല്ലാം ക്യാൻസൽ ചെയ്തു. ബഹുമാന്യരായ ജലവിഭവ വകുപ്പുമന്ത്രി, വൈദ്യുതി വകുപ്പുമന്ത്രി എന്നിവരുമായി ചേർന്ന് യോഗം ചേർന്നും അല്ലാതെയും വ്യക്തമായ മാനദണ്ഡമുണ്ടാക്കി. റോഡിന്റെ ടാർ പോർഷൻ കുഴിക്കാൻ പാടില്ല, മണ്ണുള്ള ഭാഗം കുഴിക്കാം. അങ്ങനെ 34 ക്ലോസുകളുണ്ട്. ഇതിനുള്ള പണം കെട്ടിവയ്ക്കേണ്ടത് റോഡ് മുറിക്കുന്ന വകുപ്പാണ്. പി.ഡബ്ല്യു.ഡി.-യും ബന്ധപ്പെട്ട വകുപ്പിലെ എഞ്ചിനീയർമാരും സംയുക്തമായാണ് എല്ലാ

പരിശോധനകളും നടത്തുന്നത്. എല്ലാ കാര്യങ്ങളും ഒരുമിച്ച് ചെയ്യണമെന്ന തീരുമാനമുണ്ട്. അതുപോലെ പ്രൈവറ്റ് കമ്പനികളാണെങ്കിൽ അവരുടെ എഞ്ചിനീയറും നമ്മുടെ എഞ്ചിനീയറുമുണ്ടാകും. നിയമപ്രകാരം ചെയ്യുന്നയിടത്തൊന്നും കുഴപ്പമില്ല. പക്ഷേ റിലയൻസിന് അഹങ്കാരം വളരെ കൂടുതലാണ്. അഹങ്കാരത്തിന്റെ ആശാന്മാരാണ്. സർക്കാരിനോട് ചോദിച്ചിട്ടല്ല, രാത്രിയിലാണ് കുഴിക്കുന്നത്. ഒരു ഉദാഹരണം പറയാം, കണ്ണൂർ സെൻട്രൽ ജയിലിന്റെ മുമ്പിൽ രാത്രി 11.30 മണിക്ക് റിലയൻസിന്റെ കൂലിക്കാർ കുഴിക്കുകയാണ്. റിലയൻസിന്റെയോ നമ്മുടെയോ എൻജിനീയർ ഇല്ല. ഒരാൾ എന്നെ വിളിച്ച് പറഞ്ഞു. പോലീസ് വന്ന് അവരെ പിടിച്ചുകൊണ്ടുപൊയി. അടുത്ത ദിവസം രാവിലെ ഒരു എഞ്ചിനീയർ വന്ന് അവരെ ഇറക്കിവിടാൻ പറഞ്ഞു. ആ ഉദ്യോഗസ്ഥയെ ഞാൻ സസ്പെന്റ് ചെയ്തു. പിന്നീട് റീ-ഇൻസ്റ്റേറ്റ് ചെയ്തു. റിലയൻസുകാർ മൂന്നതവണ എന്റെ അടുത്തുവന്നു, 'നിങ്ങളെ ആര് സസ്പെന്റ് ചെയ്തു; ഞാൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെയാണ് സസ്പെന്റ് ചെയ്തത് ' എന്ന് ഞാൻ പറഞ്ഞു. മന്ത്രി അറസ്റ്റ് ചെയ്യാൻ പറഞ്ഞയാളെ അവർ രാവിലെ വന്ന് വിടുവിക്കുകയാണ്. അറിവില്ലാതെ ചെയ്തുപോയതാണ്, കുഴപ്പക്കാരിയൊന്നുമില്ല. ഞാൻ റീ-ഇൻസ്റ്റേറ്റ് ചെയ്തു. എം.എൽ.എ.-മാരും ജനപ്രതിനിധികൾക്കും ഇത്തരം

പണികൾ സ്റ്റോപ്പ് ചെയ്യിക്കാനുള്ള അധികാരമുണ്ട്. തെറ്റായിട്ടാണ് പണി ചെയ്യുന്നതെങ്കിൽ ഉത്തരവ് ലംഘിച്ചാണ് ചെയ്യുന്നതെങ്കിൽ നിങ്ങൾ സ്റ്റോപ്പ് ചെയ്യണം. പക്ഷേ അത് കുറവാണ്. നമ്മളെല്ലാവരും ചേർന്ന് റോഡ് പരിപാലിക്കണം. വലിയ സാമ്പത്തിക നഷ്ടമുണ്ടാകുന്നതാണ്, പക്ഷേ കേബിൾ ഇടേണ്ടെന്ന് പറയാനും സാധിക്കില്ല. ഇതിനെതിരെ ശക്തമായ നിലപാടാണ് സ്വീകരിക്കുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, ഈ സഭയും കേരളത്തിലെ ജനങ്ങളും അങ്ങയെ അഭിനന്ദിക്കുന്ന സ്ഥിതിക്ക് ഞാൻ അങ്ങയെ അഭിനന്ദിക്കുന്നില്ല. കാരണം അങ്ങ് ഒരു അഹങ്കാരി ആകരുതെന്ന് എനിക്ക് നിർബന്ധമുണ്ട്. അല്ലെങ്കിൽ ഞാനും അങ്ങയെ അഭിനന്ദിച്ചേനെ.

മി. സ്പീക്കർ: ആ പറഞ്ഞതിലും ഒരു അഭിനന്ദനമുണ്ട്.

ശ്രീ. പി. സി. ജോർജ്: എല്ലാവരും അഭിനന്ദനം, അഭിനന്ദനം എന്നുപറയുമ്പോൾ ഞാനും കൂടെ വേണ്ടെന്നാണ് ഉദ്ദേശിച്ചത്. സത്യത്തിൽ അദ്ദേഹം പി.ഡബ്ല്യു.ഡി.-യെ ഒരു ഈജിയൻ തൊഴുത്തെന്നപോലെ വൃത്തിയാക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുകയാണ്. ഞാൻ ഒളിച്ചുവയ്ക്കുന്നില്ല. അദ്ദേഹം ചെയ്യുന്ന ജോലി അത്ര നിസ്സാരമാണെന്നും ഞാൻ കരുതുന്നില്ല. അദ്ദേഹം വന്നതിനുശേഷം ഇ-

ടെണ്ടർ വന്നപ്പോൾ എസ്റ്റിമേറ്റ് കോസ്റ്റിനും 26 ശതമാനം താഴെ വരെ ചെയ്യാൻ കോൺട്രാക്ടർമാർ വന്നു. മുമ്പ് എസ്റ്റിമേറ്റിനും 16 ശതമാനം വരെ മുകളിലാണ് കോൺട്രാക്ട് കൊടുത്തിരുന്നത്. ഇവിടെ എത്ര ക്രൂരതയാണ് നടന്നുകൊണ്ടിരുന്നത്? 1996-ൽ ഒരു പാട്ട മെറ്റൽ, അതായത് രണ്ടര ക്യൂബിക് അടി മെറ്റലിന് 3.5 രൂപയായിരുന്നു. ഒരു ഷെഡ്യൂൾ പുതുക്കലിലൂടെ ഒരു ക്യൂബിക് അടി മെറ്റലിന് 16 രൂപയായി. എത്ര കോടി രൂപ വഞ്ചിച്ചു. പാറമട ലോബിയോടും കോൺട്രാക്ടർമാരോടും ഉൾപ്പെടെ പണം വാങ്ങിക്കൊണ്ട് പി.ഡബ്ല്യു.ഡി.-യിൽ നടന്ന വൃത്തികേടാണത്. അതുകൊണ്ട് ഷെഡ്യൂൾ പുതുക്കുന്ന നടപടി നിർത്തിവയ്ക്കണം. അതുപോലെ ഒന്നുകൂടി പഠിച്ചിട്ടേ ഷെഡ്യൂൾ പുതുക്കാവൂ. അങ്ങ് അതേ ചെയ്യുള്ളൂവെന്നറിയാം. അതുപോലെ അങ്ങയുടെ കീഴിൽ കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്ന സ്ഥാപനമുണ്ട്. ഇതുപോലെ കാട്ടുകള്ളന്മാർ വേറെയില്ല. അവിടെ 10 ശതമാനം ബിലോ റേറ്റിന് വർക്കെടുത്തശേഷം ഏതെങ്കിലും കോൺട്രാക്ടർക്ക് കൊടുക്കുകയാണ്. കോൺട്രാക്ടർ കളിപ്പിച്ചുകൊണ്ടുപോകുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ മുണ്ടക്കയം-വാഗമൺ റോഡ്, വേമ്പുഴ-ഇളങ്കാട് ഒറ്റവർക്ക് 10 വർഷം കഴിഞ്ഞതാണ്. കൺസ്ട്രക്ഷൻ കോർപ്പറേഷൻ എടുത്തശേഷം വേറൊരു കോൺട്രാക്ടർക്ക് കൊടുത്തു. ലാഭമുള്ള മറ്റൊരു വർക്ക് കിട്ടിപ്പോൾ

കോൺട്രാക്ടർ ഈ വർക്ക് ഇട്ടേച്ചുപോയി. ഇത്തരം കാര്യങ്ങളിൽ അങ്ങയുടെ ഭാഗത്തുനിന്നും ശക്തമായ ഇടപെടലുണ്ടാകണമെന്ന് വിനയപുരസരം അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ജി. സുധാകരൻ: സർ, റേറ്റ് വളരെ വർദ്ധിക്കാനിടയായ ഒരു കാരണം, എല്ലാത്തിനും ഇപ്പോൾ കൂടിയ റേറ്റാണ്. ഒരു ക്ലാസ് മുറി പണിയാൻ 28 ലക്ഷം ചെലവായ സംഭവം പത്രത്തിൽ വന്നു. അത് നിർത്തി വയ്പിച്ചു. അതിൽ വെറെയും കുഴപ്പമുണ്ടെന്ന് കണ്ടുപിടിച്ചു. ഇങ്ങനെ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. 2014-ലാണ് അന്നത്തെ പി.ഡബ്ല്യൂ.ഡി. നേതൃത്വം ഡൽഹി റേറ്റ് ഇവിടെ നടപ്പിലാക്കിയത്. അതോടെ റേറ്റ് വർദ്ധിച്ചു. കുട്ടനാട് പോലുള്ള സ്ഥലങ്ങളിൽ മണ്ണ് പോലും അടിക്കാൻ പറ്റുന്നില്ല. കാരണം റേറ്റ് നിശ്ചയിച്ചുകൊടുക്കുന്നില്ല. 600 രൂപയ്ക്ക് ആരെങ്കിലും കിഴക്കൻ മലയിൽ നിന്ന് ലോറിയിൽ കൊണ്ടുവന്ന് പിന്നീട് വള്ളത്തിൽ കയറ്റി പിന്നെയും ചുമന്ന് കുട്ടനാട്ടിൽ എത്തിക്കുമോ; ഇവിടെയൊന്നും വർക്ക് നടക്കുന്നില്ല. അതുകൊണ്ട് മുമ്പുണ്ടായിരുന്ന കേരള റേറ്റ് പുനഃസ്ഥാപിക്കുന്ന കാര്യം പരിശോധിക്കുകയാണ്. റേറ്റിലും എസ്റ്റിമേറ്റിലും റിവിഷനിലും കുഴപ്പമുണ്ട്. സർവ്വത്ര കുഴപ്പമാണ്. ഒരാളുടെ കുഴപ്പമല്ല. ആ സിസ്റ്റം നമ്മൾ സമയമെടുത്ത് തിരുത്തണം. വർക്കുകളൊന്നും സ്തംഭിക്കാൻ പാടില്ല, ആരെയും അനാവശ്യമായി

അഴിമതിക്കാരെന്ന് പറയാൻ പാടില്ല. ഒരു സിസ്റ്റത്തിന്റെ ഭാഗമായി സംഭവിക്കുന്ന പ്രശ്നങ്ങളാണ്. ബോധപൂർവ്വം സംഭവിക്കുന്നതിനെതിരെ നടപടി എടുക്കും. ബഹുമാനപ്പെട്ട ജനപ്രതിനിധികളുടെ ശക്തമായ നിലപാടുകളും പൊതുജനങ്ങളുടെ ബോധവും ഉയർന്നുവന്നതിന്റെ ഫലമായി......, ഈ സിസ്റ്റത്തിന്റെ അഴിമതി 100 ശതമാനം തടയാൻ പറ്റില്ല, എങ്കിലും പരമാവധി തടയാൻ കഴിയും. അതിനുവേണ്ടിയുള്ള എല്ലാ നടപടിയും ഗവൺമെന്റ് എടുക്കുമെന്നാണ് പറയാനുള്ളത്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, പൊതുമരാമത്ത് റോഡുകളുടെ കയ്യേറ്റം വലിയ പ്രശ്നമായി നമ്മുടെ മുന്നിൽ നിൽക്കുകയാണ്. പൊതുമരാമത്തിന്റെ കീഴിലുള്ള റോഡുകൾ കയ്യേറി കെട്ടിടങ്ങൾ നിർമ്മിച്ച് യാത്രാക്ലേശം ഉണ്ടാക്കുന്ന ഒട്ടേറ അനുഭവങ്ങളുണ്ട്. അവ ഒഴിപ്പിക്കാനുള്ള ശക്തമായ നടപടി ഗവൺമെന്റ് എടുക്കുന്നുമുണ്ട്. എന്റെ മണ്ഡലമായ കൊട്ടാരക്കരയിൽ ഏറ്റവും രൂക്ഷമായ പ്രശ്നമാണ് നിലനിൽക്കുന്നത്. പഴയ കൊല്ലം-ചെങ്കോട്ട റോഡ് അടച്ചുകൊണ്ട് ഷിബു ഏജൻസീസെന്ന് പറയുന്ന കെട്ടിട ഉടമ കടകെട്ടിയിരിക്കുകയാണ്. അതിനെതിരെ അവിടെ വലിയ ജനകീയ പ്രക്ഷോഭം വരികയും ചെയ്തു. കോടതിയിൽ കേസ് കൊടുത്തപ്പോൾ ഒഴിപ്പിക്കാനുള്ള അനുകൂല വിധി ലഭിക്കുകയും ചെയ്തു. അതിന്മേൽ അപ്പിൽ കൊടുത്തെങ്കിലും ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തള്ളുകയാണ്

ചെയ്തത്. ഉത്തരവാദപ്പെട്ട ഓഫീസർ ഒഴിപ്പിക്കാൻ നോട്ടീസ് കൊടുത്തപ്പോൾ അതിന്മേൽ സ്റ്റേ വാങ്ങിയതുമൂലം ഒഴിപ്പിക്കൽ നീണ്ട് പോവുകയാണ്. അവിടെ അതിരൂക്ഷമായ ഗതാഗത കുരുക്ക് ഉണ്ടാകുന്ന പ്രശ്നമുണ്ട്. ഇത് ഒഴിവാക്കാനുള്ള ശക്തമായ നടപടി എത്രയും പെട്ടെന്ന് സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം ആഗസ്റ്റ് മാസത്തിൽ ക്യാബിനറ്റ് തന്നെ പി.ഡബ്ല്യു.ഡി. റോഡുകളെല്ലാം നാഷണൽ ഹൈവേ പ്രൊട്ടക്ഷൻ ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥിരമായി ഇട്ടിരിക്കുന്ന ഏത് വാഹനവും എടുത്തുകൊണ്ടുപോകാം, ഏത് കടയും പൊളിക്കാം. പക്ഷെ, നമ്മൾ അങ്ങനെ ചെയ്തിട്ടില്ല. ബോധവത്കരണമാണ് പ്രധാനം. ചില രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ജനപ്രതിനിധികൾ വന്ന് ഒഴിപ്പിക്കരുതെന്ന് പറഞ്ഞ് ആളുകളുടെ കൂടെ നിൽക്കും. അങ്ങനെ വരുമ്പോൾ നമുക്ക് പ്രശ്നമാണ്. നമ്മൾ യാന്ത്രികമായി ചെയ്യേണ്ട കാര്യമില്ല. നാലുവരി ഹൈവെ ആക്കുമ്പോൾ എല്ലാം എടുത്ത് മാറ്റിയേപറ്റൂ. അതിനൊന്നും ആരും തടസ്സം നിൽക്കുന്നില്ല. സ്റ്റേറ്റ് ഹൈവേയുടെ എടുത്ത് മാറ്റുന്നുണ്ട്. ഇതൊരു വ്യാപകമായ കയ്യേറ്റമാണ്. നൂറ്റാണ്ടുകൾക്ക് മുമ്പ് കയ്യേറിയ സംഭവമുണ്ട്. റോഡുകൾ സഞ്ചരിക്കാനുള്ളതാണ്, അത് ജനങ്ങളുടെ പൊതുസ്വത്താണെന്നുമുള്ള കാര്യമാണ് നമ്മൾ പ്രചരിപ്പിക്കുന്നത്. ബഹുമാനപ്പെട്ട

എം.എൽ.എ. പറഞ്ഞ ചെങ്കോട്ടയുടെ കാര്യം കോടതി സ്റ്റേ നൽകിയാൽ നമുക്കൊന്നും പറയാൻ കഴിയില്ല. കോടതിയുടെ സ്റ്റേ മാറിയാൽ ഉടൻ തന്നെ എടുത്തുമാറ്റും. അങ്ങനെ വീട് വയ്ക്കാൻ അധികാരമില്ല. അങ്ങനെ ഓരോ കാര്യത്തിലും പൊതുതാൽപ്പര്യം കണക്കിലെടുത്ത് നിലപാടുകൾ സ്വീകരിക്കാമെന്നാണ് പറയാനുള്ളത്.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ലക്ഷങ്ങൾ ചെലവിട്ട് റോഡ് നവീകരിച്ച് കഴിഞ്ഞയുടൻ തന്നെ റിലയൻസ് പോലുള്ള കമ്പനിക്കാർ വെട്ടി പൊളിക്കുകയാണ്. അവിടെ കുഴിക്കുക മാത്രമല്ല, കുടിവെള്ളത്തിന്റെ പൈപ്പ് കൂടി പൊട്ടിച്ചതിനുശേഷം മാത്രമേ അവരുടെ പ്രവൃത്തി അവസാനിക്കൂ. അവസാനം എല്ലാംകൂടി മൂടിയിട്ട് പോകും. അവസാനം റോഡും വെള്ളവും ഉണ്ടാകില്ല. ഇങ്ങനെയുള്ള കേസ്സുകളിൽ കർശനമായ നിലപാട് സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കുമോ; ഏറ്റവും രൂക്ഷമായിട്ടുള്ളത് തലസ്ഥാനത്താണ്. ഒരു റോഡ് ടാറ് ചെയ്തുകഴിഞ്ഞാൽ ഒഴാഴ്ച പോലും നിലനിൽക്കാത്ത രീതിയിലാണ് റിലയൻസ് കമ്പനിക്കാർ നഗരത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അവർക്കെതിരായി ഈ വിഷയങ്ങളിൽ കർശനമായ നിലപാട് എടുക്കണം.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, കർശനമായ നിലപാട് ഏറ്റവും കൂടുതൽ എടുത്തത്

റിലയൻസിന് എതിരായാണ്. ഒരുഘട്ടത്തിൽ റിലയൻസിന്റെ മുഴുവൻ പ്രവർത്തനവും മൂന്ന് മാസത്തേയ്ക്ക് ഞാൻ ക്യാൻസൽ ചെയ്തു. അങ്ങനെ ചെയ്തതോടുകൂടി കേരളത്തിൽ ഒരു വർക്കും ഇവർക്ക് ചെയ്യാൻ കഴിയാതെ വന്നു. അതിനുശേഷം ഡെൽഹിയിൽ നിന്ന് ആള് വന്നപ്പോൾ ന്യായമായും ഞാൻ വർക്ക് ചെയ്യാനുള്ള അനുവാദം കൊടുത്തു. ശക്തമായ നിലപാടാണ് എടുക്കുന്നത്. അങ്ങനെ ചെയ്തുകഴിഞ്ഞാൽ ആ വർക്ക് ക്യാൻസൽ ചെയ്യും. കേബിൾ ഇടുന്നത് നാട്ടുകാരുടെ കൂടി ആവശ്യമാണെന്ന പ്രശ്നത്തെ ഇവർ ഉപയോഗിക്കുകയാണ്. ഒരു റിട്ടയേർഡ് ചീഫ് സെക്രട്ടറിയാണ് ഇവരുടെ ഏജന്റ്. റിലയൻസിന്റെ പത്ത് പൈസ കിട്ടാൻ വേണ്ടി റിട്ടയേർഡ് ചീഫ് സെക്രട്ടറി എന്റെ ഓഫീസിൽ വന്ന് വാദിക്കുകയാണ്. ഇയാളെയും കൊണ്ട് നടന്നാൽ കമ്പനി പൊളിയുമെന്ന് ഡെൽഹിയിൽ നിന്ന് വന്ന ആളോട് ഞാൻ പറഞ്ഞു. പിന്നെ അദ്ദേഹം വന്നില്ല. നമ്മുടെ നാട്ടിൽ പണത്തിനുവേണ്ടി ഉന്നത ഉദ്യോഗസ്ഥന്മാർ സർവ്വീസിൽ നിന്നും പോയി കഴിഞ്ഞാൽ..... ഇതുപോലുള്ള കാര്യത്തിന് റിട്ടയേർഡ് ചീഫ് സെക്രട്ടറി പോകാൻ പാടില്ല. ഇതൊക്കെ നമ്മുടെ നാട്ടിൽ നടക്കുകയാണ്. ശക്തമായ നിലപാടാണ് എടുക്കുന്നത്. അതുകൊണ്ട് ഇനിയൊന്നും സംഭവിക്കുന്നില്ലായെന്നല്ല പറയുന്നത്. തിരുവനന്തപുരത്ത് എവിടെയെങ്കിലും പ്രശ്നമുണ്ടായാൽ സുധാകരൻ സർ പറഞ്ഞിട്ടാണെന്നാണ്

പറയുന്നത്. ഞാൻ നിയമങ്ങൾ മാത്രമേ പറയുന്നുള്ളൂ. തീർച്ചയായും ശക്തമായ നിലപാടാണ് സ്വീകരിക്കുന്നത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, മേജർ റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ വേണ്ടി ഇൻവെസ്റ്റിഗേഷൻ ചെയ്യണമെന്ന് തീരുമാനിച്ചിട്ടുണ്ട്. പക്ഷെ, ഇൻവെസ്റ്റിഗേഷൻ ചെയ്യുന്ന ഏജൻസികളുടെ എണ്ണം വളരെ പരിമിതമാണ്. അതുപോലെ പല ഇൻവെസ്റ്റിഗേഷനും അനന്തമായി നീണ്ടുപോകുന്നത് ഒഴിവാക്കാനും സമയബന്ധിതമായി പൂർത്തീകരിക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, പി.ഡബ്ല്യൂ.ഡി.യുടെ ഇൻവെസ്റ്റിഗേഷന് കാലതാമസമൊന്നുമില്ല. പാലം ഉൾപ്പെടെയുള്ള വൻകിട പദ്ധതികൾക്ക് നാലഞ്ച് മാസം എടുക്കുന്നുണ്ട്. അതാണ് ഉദ്ദേശിച്ചതെങ്കിൽ ശരിയാണ്. അത് പി.ഡബ്ല്യൂ.ഡി. അല്ല ഇൻവെസ്റ്റിഗേറ്റ് ചെയ്യുന്നത്. സ്പെഷ്യൽ പാനൽ ആണ്. പി.ഡബ്ല്യൂ.ഡി.യുടെ ഭാഗത്തുള്ള ഇൻവെസ്റ്റിഗേഷന്റെ കാലതാമസം ഒഴിവാക്കാൻ എല്ലാ നടപടിയും സ്വീകരിക്കും.

## വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ്

(*93) ശ്രീ. പി. കെ. ബഷീർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗിന്റെ കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കുമോ;

(ബി) റാംഗിംഗ് എന്ന പേരിൽ ദളിത് വിദ്യാർത്ഥികളുൾപ്പെടെയുള്ള നിരാലംബർക്കെതിരെ നടമാടുന്ന ഗുണ്ടാ ആക്രമണങ്ങളുടെ കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസ അധികൃതർക്കുമുമ്പാകെയും പോലീസിലും റിപ്പോർട്ട് ചെയ്യപ്പെട്ട ഇത്തരം ആക്രമണങ്ങളെക്കുറിച്ചുള്ള വിശദവിവരം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ നേരത്തെ തന്നെ റാഗിംഗ് നിയമവിരുദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. റാഗിംഗ് സംബന്ധിച്ച് കേരള സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ റാഗിംഗ് തടയുന്നതിനായി വൈസ് ചാൻസലർ അദ്ധ്യക്ഷനായി ആന്റി റാഗിംഗ് കമ്മിറ്റിയും, ആന്റി റാഗിംഗ് സ്ക്വാഡും, മോണിറ്ററിംഗ് സെല്ലും രൂപീകരിക്കുകയും പരാതികൾ ലഭിക്കുന്ന മുറയ്ക്ക്

ആയതിന്മേൽ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. എല്ലാ മാസവും ഒന്നാം തീയതി റാഗിംഗ് സംബന്ധിച്ച നടപടിക്കുറിപ്പ് ബഹുമാനപ്പെട്ട ചാൻസലർക്ക് നൽകി വരുന്നുണ്ട്. വിദ്യാർത്ഥികളുടെ ഇടയിൽ റാഗിംഗിനെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും റാഗിംഗിനെതിരെ ശക്തമായ മുൻകരുതലുകൾ എടുക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും റാഗിംഗ് നിയമവിരുദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. റാഗിംഗ് റിപ്പോർട്ട് ചെയ്താൽ AICTE നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം റാഗിംഗ് നടത്തിയ വിദ്യാർത്ഥിക്കെതിരെ ശക്തമായ നടപടികൾ എടുക്കാറുണ്ട്. റാംഗിംഗ് തടയുന്നതിനായി AICTE നിർദ്ദേശിക്കുന്ന തരത്തിൽ ആന്റി റാഗിംഗ് സെൽ രൂപീകരിക്കുകയും റാഗിംഗ് റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകളിൽ പോലീസ് കേസ്, റാഗിംഗ് ചെയ്തവരെ പുറത്താക്കൽ എന്നീ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ റാഗിംഗ് ഒരു കാരണവശാലും അനുവദിക്കരുതെന്നും, ആയത് അവലോകനം ചെയ്യുന്നതിനായി ഒരു സ്ഥിരം സമിതി കോളേജ് തലത്തിലും വിവിധ ഡിപ്പാർട്ടുമെന്റ് തലത്തിലും

രൂപീകരിക്കണമെന്നും കോളേജുകളോട് നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ അദ്ധ്യയന വർഷവും ആരംഭിക്കുന്നതിനു മുന്നേ ഇതു സംബന്ധിച്ച യു.ജി.സി., എ.ഐ.സി.റ്റി.ഇ. മാനദണ്ഡങ്ങൾ അനുസരിച്ചുള്ള സർക്കുലർ എല്ലാ കോളേജ് പ്രിൻസിപ്പാൾമാർക്കും നൽകുകയും അഡ്മിഷൻ സമയത്ത് വിദ്യാർത്ഥിയും രക്ഷകർത്താവും റാഗിംഗിനെക്കുറിച്ചുള്ള കാര്യങ്ങൾ മനസ്സിലാക്കിയതായും ആയതിൽ ഒരു കാരണവശാലും ഭാഗവാക്കാകുകയില്ല എന്നുള്ള സാക്ഷ്യപത്രം വാങ്ങണമെന്ന് നിഷ്കർഷിക്കുകയും ചെയ്തുവരുന്നു. സ്കൂൾതലത്തിൽ റാഗിംഗുമായി ബന്ധപ്പെട്ട വിഷയത്തിൽ എല്ലാ അദ്ധ്യയന വർഷവും വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് വിദ്യാർത്ഥികൾക്ക് ബോധവത്ക്കരണം നൽകിവരുന്നു.

(ബി) കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലെ ഒന്നാം വർഷ എം.എസ്.സി. കമ്പ്യൂട്ടേഷണൽ ബയോളജി വിദ്യാർത്ഥി ശ്രീ. രാജേഷ് ബാബുവിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ പ്രാഥമികാന്വേഷണത്തിൽ കുറ്റക്കാരനാണെന്ന് കണ്ട വിദ്യാർത്ഥിയെ സസ്പെന്റ് ചെയ്യുകയും ഹോസ്റ്റലിൽ നിന്നും പുറത്താക്കുകയു ചെയ്തിട്ടുണ്ട്. 2017 ജനുവരി 11-ാം തീയതി മഹാത്മാഗാന്ധി സർവ്വകലാശാല ഹോസ്റ്റലിൽ വച്ച് മർദ്ദിക്കപ്പെട്ട ദളിത് വിദ്യാർത്ഥിയുടെ പരാതി അന്നേ ദിവസം പോലീസിന് കൈമാറുകയും ചെയ്തു. കോഴിക്കോട് ഗവ. ലോ

കോളേജിൽ നിന്ന് രണ്ട് പരാതികൾ ലഭിക്കുകയും പ്രസ്തുത പരാതികൾ പോലീസിന് കൈമാറുകയും ആന്റി റാഗിംഗ് സ്ക്വാഡ് അന്വേഷണം നടത്തിയതിൽ പരാതിക്കാർ മൊഴി നൽകാൻ തയ്യാറാകാത്തതിനാൽ തെളിവില്ലാതെ പരാതി തീർപ്പാക്കിയിട്ടുമുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള നാട്ടകം പോളിടെക്നിക്ക് കോളേജിൽ റാഗിംഗ് നടന്നതായി റിപ്പോർട്ട് ചെയ്യുകയുണ്ടായി. അവിനാഷ് ഒ., ഷൈജു ഡി., ഗോപി എന്നീ വിദ്യാർത്ഥികളെ മെൻസ് ഹോസ്റ്റലിൽ 8 സീനിയർ വിദ്യാർത്ഥികൾ ചേർന്ന് റാഗിംഗ് നടത്തുകയും ടി വിദ്യാർത്ഥികളെ കോളേജിൽ നിന്നും പുറത്താക്കുകയും ചെയ്തു. കേസ് ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. മറ്റ് സർവ്വകലാശാലകളിൽ ദളിത് വിദ്യാർത്ഥികൾ ക്കെതിരെ റാഗിംഗ് കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

റാഗിംഗിന്റെയും ദളിത്പീഡനാരോപണത്തിന്റെയും തുടരന്വേഷണത്തിന് കേരള സർവ്വകലാശാല ക്യാമ്പസ് ഭരണ വിഭാഗത്തിലെ ജോയിന്റ് രജിസ്ട്രാറിനെ ചുമതലപ്പെടുത്തുകയും ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തു. സർവ്വകലാശാല ഹോസ്റ്റലിലെ സുരക്ഷ ശക്തമാക്കുകയും പോലീസിന്റെയും സർവ്വകലാശാല സെക്യൂരിറ്റി ജീവനക്കാരുടെയും പട്രോളിംഗ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ആന്റി റാഗിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക്

സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കോഴിക്കോട്, ഗവൺമെന്റ് ലോ കോളേജിൽ റാഗിംഗുമായി ബന്ധപ്പെട്ട് രണ്ട് പരാതികൾ ലഭിക്കുകയും, പ്രസ്തുത പരാതികൾ പോലീസിന് കൈമാറുകയും ചെയ്തു. ആന്റി റാഗിംഗ് സ്ക്വാഡ് അന്വേഷണം നടത്തിയതിൽ പരാതിക്കാർ മൊഴി നൽകാൻ തയ്യാറാകാതെയിരുന്നതിനാൽ കേസ് തീർപ്പാക്കിയിട്ടുണ്ട്. കട്ടപ്പന ഗവൺമെന്റ് കോളേജിൽ റാഗിംഗ് ചെയ്തതുമായി ബന്ധപ്പെട്ട 6 വിദ്യാർത്ഥികളെ കോളേജിൽ നിന്നും ഒരു സെമസ്റ്റർ കാലയളവിൽ സസ്പെന്റ് ചെയ്തു. പ്രസ്തു വിദ്യാർത്ഥികളിൽ 3 പേരെ കോളേജ് ഹോസ്റ്റലിൽ നിന്നും പുറത്താക്കുകയും ചെയ്തു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ റാഗിംഗ് സംബന്ധിച്ച് എല്ലാ പരാതികളും പോലീസിന് കൈമാറിയിട്ടുണ്ട്. ഗവൺമെന്റ് കോളേജ്, കട്ടപ്പനയിൽ റാഗിംഗുമായി ബന്ധപ്പെട്ട് ഒരു കേസ് കട്ടപ്പന പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 18-10-2016-ലെ എഫ്.ഐ.ആർ. നം. 123 പ്രകാരമുള്ള കേസാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. കേരളാ പ്രൊഹിബിഷൻ ഓഫ് റാഗിംഗ് ആക്ട് 1998-ലെ സെക്ഷൻ 13 & 14 എന്നിവ പ്രകാരവും ഐ.പി.സി. 1860 ആക്ടിലെ വകുപ്പുകൾ 143, 342, 451, 506 (1) R/W 149 പ്രകാരവുമാണ് ടി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കളമശ്ശേരി സർക്കാർ പോളിടെക്നിക്ക് കോളേജ് ഹോസ്റ്റലിലെ റാഗിംങ്ങുമായി

ബന്ധപ്പെട്ട് മാധ്യമങ്ങളിൽ വന്ന വാർത്തകളുടെയും വിദ്യാർത്ഥികളിൽ നിന്നും ലഭിച്ച പരാതികളുടെയും അടിസ്ഥാനത്തിൽ ആന്റി റാഗിംഗ് സെൽ നടത്തിയ പ്രാഥമികാന്വേഷണത്തിനുശേഷം പ്രസ്തുത സംഭവത്തിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് പ്രഥമ ദൃഷ്ട്യാ കണ്ടെത്തിയ 11 വിദ്യാർത്ഥികളെ കോളേജിൽ നിന്ന് അന്വേഷണ വിധേയമായി പുറത്താക്കിയിട്ടുണ്ട്. റാഗിംഗുമായി ബന്ധപ്പെട്ട് പോലീസിൽ ആകെ 56 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവയിൽ 3 കേസുകൾ എസ്.സി. വിഭാഗത്തിൽ നിന്നും ബാക്കിയുള്ള 53 കേസുകൾ മറ്റു വിഭാഗത്തിൽ നിന്നുള്ളതുമാണ്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, സീനിയർ വിദ്യാർത്ഥികൾ ജൂനിയർ വിദ്യാർത്ഥികളെ റാഗ് ചെയ്യുന്നതാണ് റാഗിംഗ് എന്നാണ് നമ്മുടെയെല്ലാം ധാരണ. ഇപ്പോൾ കാലം മാറി. ഇന്ന് പല വിദ്യാർത്ഥികളും തമ്മിൽ കോളേജിലും ഹോസ്റ്റലിലും അക്രമങ്ങൾ ഉണ്ടായാൽ, അത് ജൂനിയർ വിദ്യാർത്ഥികൾ തമ്മിലാണെങ്കിൽ അത് റാഗിംഗിന്റെ പരിധിയിൽ വരില്ല. അതുപോലെ വിദ്യാർത്ഥി സംഘടനകൾ പ്രിൻസിപ്പാൾമാരുടെ കസേര കത്തിച്ചാൽ, അവരുടെ ചിത ഒരുക്കിയാൽ തുടങ്ങിയ കാര്യങ്ങൾ... വിദ്യാർത്ഥികളെ റാഗ് ചെയ്യുന്ന അദ്ധ്യാപകരുണ്ട്. അദ്ധ്യാപകർ ഇന്റേണൽ മാർക്ക്

വിദ്യാർത്ഥികൾക്ക്.....ഇതൊക്കെ റാഗിംഗിൽ ഉൾപ്പെടുത്തണ്ടേ; കുട്ടികളെ മാത്രം പോരല്ലോ; വിദ്യാർത്ഥികളെ മാനസികമായി പീഡിപ്പിക്കുന്ന മാനേജ്മെന്റ്, പ്രൊഫസർമാർ ഇവരുടെ പേരിൽ നടപടിയെടുക്കണ്ടേ? സെമിനാറിൽ നല്ല പെർഫോർമൻസ് നടത്തുന്ന കുട്ടികൾക്ക് മാർക്ക് കൊടുക്കണ്ടേ? അതൊരു മാനസിക പീഡനമല്ലേ; അത് റാഗിംഗിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, പ്രൊഫ. കെ.പി.എസ്. ഉണ്ണി റിപ്പോർട്ട്, രാഘവൻ കമ്മിറ്റി കമ്മിറ്റി റിപ്പോർട്ട്, യൂണിവേഴ്സിറ്റി, യു.ജി.സി., എ.ഐ.സി.റ്റി.ഇ.യുടെയൊക്കെ എന്താണ് റാഗിംഗ് എന്നുള്ള നിർവ്വചനമുണ്ട്. ആ നിർവ്വചനത്തിനകത്ത് വന്ന റാഗിംഗ് എന്ന തെറ്റിന് കുറ്റം കണ്ട് അതിന് നടപടിയെടുക്കുക/ശിക്ഷിക്കുക അതിനുള്ളതാണ് നിയമങ്ങൾ. ആ നിയമങ്ങൾ നടപ്പിലാക്കാൻ ഓരോ സർവ്വകലാശാലയിലും ഓരോ ഇൻസ്റ്റിറ്റ്യൂഷനിലും ആന്റി റാഗിംഗ് കമ്മിറ്റിയും, ആന്റി റാഗിംഗ് സ്ക്വാഡും, മോണിറ്ററിംഗ് കമ്മിറ്റിയുമുണ്ട്. ഇതെല്ലാം എ.ഐ.സി.റ്റി.യുടെയും യു.ജി.സി.യുടെയും നിയമപ്രകാരമുണ്ട്. ഈ നിയമത്തിനുള്ളിൽ റാഗിംഗ് എന്ന മേഖലയിൽ വരുന്ന പ്രശ്നങ്ങൾക്ക് വളരെ ശക്തമായി നിലപാട് എടുക്കാനുള്ള സമിതികൾ നിയമപരമായുണ്ട്. സംസ്ഥാനത്തെ

ഏതെങ്കിലും ഇൻസ്റ്റിറ്റ്യൂഷനുകളിൽ കാര്യമായി പ്രവർത്തിക്കുന്നില്ലെങ്കിൽ ആ പ്രവർത്തിപ്പിക്കാത്ത മാനേജ്മെന്റിനെതിരെ അതിശക്തമായ നടപടിയെടുക്കും. കേരളത്തിൽ ഇത്തരത്തിൽ മൂന്ന് സമിതികളും എല്ലാ ഇൻസ്റ്റിറ്റ്യൂഷനുകളിലും കൃത്യമായി പ്രവർത്തിക്കുമെന്നുള്ളത് ഉറപ്പ് വരുത്തും. മാത്രമല്ല ഇത്തരത്തിൽ സംസ്ഥാനത്തെ എല്ലാ ഇൻസ്റ്റിറ്റ്യൂഷനുകളിലും മൂന്ന് സമിതികൾ മോണിറ്റർ ചെയ്യുന്നതിനുവേണ്ടി സംസ്ഥാന തലത്തിൽ റാഗിംഗ് നടക്കാതിരിക്കുന്നതിനുവേണ്ടി ഒരു മോണിറ്ററിംഗ് സമിതി രൂപീകരിക്കാനും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. മറ്റ് പ്രശ്നങ്ങളൊക്കെ മറ്റ് തരത്തിലുള്ള കേസ്സുകളാണ്. അത് ഏത് കേസ്സിന്റെ പരിധിയിൽ വരുന്നുവോ അതനുസരിച്ച് കേസ്സെടുത്ത് നടപടിയെടുക്കും. അത്തരത്തിലുള്ള ഒരു തെറ്റും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കാൻ ഇനി അനുവദിക്കില്ല.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചത് നിലവിലുള്ള നിയമങ്ങളും അതിന്റെ ഗൈഡ്ലൈൻസും കാര്യങ്ങളുമാണ്. അതൊക്കെ നൂറ് ശതമാനവും അംഗീകരിക്കുന്നു. പക്ഷെ, മാറി വരുന്ന കാലഘട്ടത്തിൽ പുതിയതായി വരുന്ന ഈ വക കേസ്സുകൾ റാഗിംഗിൽ ഉൾപ്പെടുത്തുവാനുള്ള നടപടി ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന്.....എല്ലാ

സുതാര്യമായി നടപ്പിലാക്കുമെന്ന് പറയുന്ന നിങ്ങൾ, എല്ലാ ശരിയാക്കുമെന്ന് പറയുന്ന നിങ്ങൾ ഇക്കാര്യത്തിൽ ഒരു നടപടി സ്വീകരിക്കുമോയെന്നാണ് ചോദിക്കാനുള്ളത്.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഇന്റേണൽ അസസ്സ്മെന്റ് പ്രശ്നങ്ങളൊന്നും റാഗിംഗ് പ്രശ്നമല്ല. അത് ഞാൻ നേരത്തേ സൂചിപ്പിച്ച മറ്റ് പ്രശ്നങ്ങളാണ്. അതിൽ അക്കാഡമിക് പ്രശ്നങ്ങളുണ്ട്, മറ്റ് നിരവധി പ്രശ്നങ്ങളുണ്ട്. മൂന്ന്-നാല് തരം കാറ്റഗറിയിൽ വരുന്ന പ്രശ്നങ്ങളാണ്. ഓരോ തരത്തിലുള്ള നിയമങ്ങൾ അനുസരിച്ചാണ് അതിന് ശിക്ഷ/നടപടിയെടുക്കാൻ കഴിയുന്നത്. ഓരോ തരത്തിലുള്ള പ്രശ്നങ്ങൾ എന്താണെന്ന് മനസ്സിലാക്കിയാണ് നടപടികൾ സ്വീകരിക്കുന്നത്. അതിനുള്ള നിയമങ്ങളുമുണ്ട്. അത് വേണമെങ്കിൽ കൃത്യമായി പറയാം. അതനുസരിച്ചാണ് നടപടിയെടുക്കുന്നത്. ഇത്തരത്തിലുള്ള തെറ്റായ നടപടികൾ സ്വാശ്രയ കോളേജുകളിലോ കേരളത്തിലെ മറ്റ് കോളേജുകളിലോ നടക്കുകയാണെങ്കിൽ അതിനെതിരെ ശക്തമായ നടപടിയെടുക്കും. സ്വാശ്രയ കോളേജുകളിൽ ഇത്തരം പ്രശ്നങ്ങൾ പഠിക്കുന്നതിനുവേണ്ടി ജസ്റ്റിസ് ദിനേശൻ കമ്മീഷൻ പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. ജസ്റ്റിസ് ദിനേശൻ കമ്മീഷന്റെ റിപ്പോർട്ട് അനുസരിച്ച് ഈ പ്രശ്നങ്ങൾ ഇല്ലാതിരിക്കാനുള്ള നടപടി സർക്കാർ എടുക്കുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, റാഗിംഗിന് എതിരെയുള്ള നിയമ

നടപടികളെക്കുറിച്ച് അങ്ങ് പറഞ്ഞതെല്ലാം ശരിയാണ്. ആ നിയമനടപടികൾ നടക്കുന്ന കൂട്ടത്തിൽ, റാഗിംഗിന്റെ ഒരു ഭാഗത്ത് ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ എസ്.എഫ്.ഐ. വിദ്യാർത്ഥികൾ വരികയണ്. റാഗിംഗിന്റെയും സദാചാര ഗുണ്ടായിസത്തിന്റെയും പേരിൽ യൂണിവേഴ്സിറ്റിയിലും ... (ബഹളം)......ഇന്നലെ മടപ്പള്ളി കോളേജിൽ പോയ ശ്രീ. കോടിയേരി ബാലകൃഷനോട്, മടപ്പള്ളി കോളേജിലെ സെൽവ അബ്ദുറഹിമാന്റെ ഫേയ്സ് ബുക്ക് പോസ്റ്റുണ്ട്. അതിൽ റാഗിംഗിൽ ഇടപെട്ട കുട്ടികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നാണ്. ആ നിലപാടിനെതിരെ പ്രാസ്ഥാനികപരമായി പുരോഗമന ആശയമെന്ന് ആളുകൾ പറയുന്ന ആ പ്രാചീന ആളുകൾ ഇതിനെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, റാഗിംഗ് കുറ്റകരമാണ്. റാഗിംഗ് നടത്തിയവർക്കെതിരെ മുഖം നോക്കാതെ ശക്തമായ നടപടിയെടുക്കും.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)